Registered No. M-4485 Madras War Review, Malayalam—23-6-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ജൂൺ 23-ാംനു, വെള്ളിയാഴ്ച [ലക്കം 42

## സ്വാതന്ത്ര്യ കാര്യത്തിൽ പൂർണ്ണ വിജയം

★



**നാം** അനുഭവിപ്പാൻ വേണ്ടി ജർമ്മൻകാർ ഉണ്ടാക്കിത്തീർത്ത കഷ്ടപ്പാടുകളിൽനിന്നു് വിമുക്തരാകാനുള്ള യോഗം നമുക്കുണ്ടോ ഇല്ലയോ എന്നു് പ്രത്യക്ഷമാക്കുവാനുതകുന്ന സംഭവങ്ങൾ ചിലതു് അടുത്തുണ്ടായേക്കാം. എത്രത്തോളം ഇന്നത്തെ കലാപം നീണ്ടുനില്ക്കുന്നുവോ, അത്രത്തോളം ഭയങ്കരമായിരിക്കും ശത്രുക്കളുടെ അവസാനമെന്നുള്ളതു് തീർച്ചതന്നെ.

**ടെഹറാനിൽവെച്ച്** നിശ്ചയിച്ച കാര്യപരിപാടി മുഴുവൻ ഇനിയും കർമ്മപദ്ധതിയിൽ വരുത്തിട്ടില്ല; എന്നാൽ അതിലെ ഓരോ പദ്ധതിയും അവിശ്രാന്തമായി ഇപ്പോൾ ആവിർഭവിച്ചുവരുന്നതിനാൽ, ഐക്യകക്ഷികൾ നേടിവരുന്ന ഓരോ വിജയത്തേയും പിൻതുടന്നുകൊണ്ടു", വരുന്ന വേനൽക്കാലസമരത്തോടുകൂടി സ്വാതന്ത്ര്യ കാര്യത്തിൽ പൂർണ്ണ വിജയം കൈവരുമെന്നു് പ്രതീക്ഷിക്കാം.

—മിസ്റ്റർ ചർച്ചിൽ, ലണ്ടനിൽവെച്ചു് അടുത്തവസരത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽനിന്ന്

# മഹദ്വാക്യങ്ങൾ : മിഥ്യയാകയില്ല

## ഐക്യതയുടെ ആവശ്യം

"നാം എത്രയും ആഗ്രഹിക്കുന്നതായ കലാശവിജയത്തിന്റെ അടുത്തെത്തുംതോറും, അങ്ങിനെയുള്ള വിജയത്തെ കൈവരുത്തുന്ന ഐക്യതയെ ഊന്നിപ്പറയുന്നതു് ഇത്രയും ഔചിത്യമായിട്ടുള്ളതാണു്. ഐക്യഭാവം വിട്ടു കലഹിക്കുന്നപക്ഷം നാശവും കലാപവുമല്ലാതെ മററൊന്നും നമുക്കു് പ്രതീക്ഷിക്കാനില്ല. ഐക്യതയിലാണെങ്കിലൊ, മനുഷ്യസമുദായത്തിന്നിതേവരെ ഉണ്ടായിട്ടില്ലാത്തതായ സുന്ദരമായ ഭാവിക്കു് നമുക്കവകാശവുമുണ്ടു്."

—മി. ചർച്ചിൽ, ജൂൺ 14-ാം തിയ്യതി.

❖ ❖ ❖ ❖

## പറഞ്ഞമാതിരിയിലുള്ള വിജയം

"ഐക്യരാഷ്ട്രങ്ങളിലുള്ള സർവ്വ ജനങ്ങളും അത്ഭുതാവഹമായ സമരം ചെയ്തിരിക്കുന്നു. പ്രകൃതിയും ശത്രുക്കളും ഉണ്ടാക്കിത്തീർക്കുന്ന സർവ്വപ്രതിബന്ധങ്ങളേയും തരണംചെയ്തു അവർ യുദ്ധത്തിൽ വിജയം പ്രാപിക്കുകയും ചെയ്യുന്നു. ഇപ്പോൾ അഭൂതപൂർവ്വമായവിധം എത്രയൊ ചുരുങ്ങിയ കാലംകൊണ്ടാണു് അവർ വിജയം നേടുന്നതു്. തങ്ങളുടെ കർമ്മത്തിന്റെ ഫലപ്രാപ്തിയെപ്പററി അവർക്കു യാതൊരു സംശയവുമില്ല; അവരുടെ സംശയരഹിതമായ മനഃസ്ഥിതി അവർ അർഹിക്കുന്നതുമാണു്. ഓരോ നാഴിക പുരോഗമിക്കുംതോറും അവരുടെ ഉത്സാഹം വർദ്ധിച്ചുവരികയും ചെയ്യുന്നു."

—മി. പീററർ ഫ്രെസർ, ന്യൂസിലാൻറ് പ്രധാനമന്ത്രി, ജൂൺ 11-ാം തിയ്യതി.

❖ ❖ ❖ ❖

## നാസികളുടെ ആധിപത്യത്തിന്റെ അവസാനം ആരംഭിച്ചു

"ഐക്യകക്ഷികൾ ഇപ്പോൾ സർവ്വതോമുഖമായി ആരംഭിച്ചിരിക്കുന്ന ആക്രമണം ജർമ്മനി തുലയുന്നതുവരെക്കും നിലനില്ക്കുന്നതാണു്. നാസികളുടെ ആധിപത്യത്തിന്റെ അവസാനമായിയെന്നു് ഇപ്പോൾ നമുക്കു തീർച്ചയായും പറയാം. യൂറോപ്യൻ ചരിത്രത്തിൽ ഏററവും ക്ഷുദ്രശക്തിയായി പരിണമിച്ച റീച്ചു് ഭരണത്തിന്റെ ഭയങ്കരമായ അന്ത്യം കാലതാമസമെന്ന്യെ ഒരു യഥാർത്ഥസംഭവമാവുന്നതാണു്."

—ഡോക്ടർ ബെനീസ്, ചെക്കോസ്ലോവാക്കിയായിലെ പ്രസിഡെണ്ടു്, ജൂൺ 10-ാം തിയ്യതി.

❖ ❖ ❖ ❖

## ഇനിയും പലതും നിർവ്വഹിക്കാനുണ്ടു്

"നാലു ദിവസത്തെ യുദ്ധംകൊണ്ടു് ഐക്യകക്ഷിസൈന്യങ്ങൾക്കു് ഫ്രാൻസിലെ മണ്ണിൽ ഒരുറച്ച സങ്കേതം കിട്ടിക്കഴിഞ്ഞു. നമുക്കു കൈവന്നതായ വിജയത്തിന്നും നമ്മുടെ പ്രവൃത്തി പൂർത്തിയാക്കേണ്ടതിന്നുള്ള പരിശ്രമങ്ങൾക്കു് ശുഭമായ ഒരാരംഭം തന്നതിന്നും നാം ദൈവത്തോടു നന്ദിപറയണം. രണ്ടാമതായി, ഐക്യകക്ഷികളുടെ കടൽസൈന്യവും വിമാനസൈന്യവും നൽകിയതായ സഹകരണത്തെ നാം ഹാർദ്ദമായി അഭിനന്ദിക്കണം. അവരുടെ സഹകരണമില്ലായിരുന്നുവെങ്കിൽ നമ്മുടെ യോദ്ധാക്കൾക്കു് യാതൊന്നും നിറവേററുവാൻ സാധിച്ചിരുന്നില്ല. മൂന്നാമതായി, ഐക്യകക്ഷിസൈന്യങ്ങളിലെ ഓരോ ഭടനേയും ഉദ്യോഗസ്ഥനേയും കഴിഞ്ഞ നാലു ദിവസത്തെ ഫലപ്രാപ്തിയെ ആസ്പദിച്ചു് അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ബ്രിട്ടന്റെയും, കനഡയുടേയും, അമേരിക്കയുടേയും യോദ്ധാക്കൾ തോളോടുതോളുനിന്നു് യുദ്ധംചെയ്തു ഭാവിയിൽ ഉറച്ച യുദ്ധം നടത്തത്തക്ക സൌകര്യങ്ങൾ നേടിയിരിക്കുന്നു. അതിനാൽ ഓരോ ഭടനും, ഓരോ സൈന്യ ഉദ്യോഗസ്ഥനും എന്റെ കൃതജ്ഞതാസൂചകമായ നന്ദി ഞാൻ പ്രകടിപ്പിക്കട്ടെ. ഇനിയും പലതും നിർവ്വഹിക്കാനുണ്ടു്; അതെല്ലാം നമുക്കു നിറവേററാൻ സാദ്ധ്യമാകും. നിങ്ങളെയെല്ലാം ഞാൻ ആശീർവ്വദിക്കട്ടെ."

—ജനറൽ മണ്ട്ഗോമറി, ജൂൺ 11-ാം തിയ്യതി.

# ആഴ്ചക്കുറിപ്പുകൾ

ഐക്യകക്ഷികൾ ബ്രിട്ടനിൽ അടിയുറപ്പിച്ചുകൊണ്ടു യൂറോപ്പിന്റെ നേരെ ആരംഭിച്ച ആക്രമണത്തിന്റെ ഒന്നാം ഘട്ടം കൊട്ടിക്കഴിഞ്ഞു. ചർബർഗ് അർദ്ധദ്വീപിനെ പല വിഭാഗങ്ങളായി ഖണ്ഡിച്ചു കൈവശപ്പെടുത്തുവാനുള്ള പരിശ്രമകേന്ദ്രങ്ങൾ ഉറപ്പിക്കുകയായിരുന്നു ആക്രമണത്തിന്റെ ആദ്യത്തെ പദ്ധതിയുടെ ഉദ്ദേശം. ഈ ഉദ്ദേശം സഫലമായിക്കഴിഞ്ഞിരിക്കുന്നു. ചെർബർഗ് തുറമുഖത്തെ ഖണ്ഡിച്ചു മദ്ധ്യ ഫ്രാൻസിലുള്ള മററു ജർമ്മൻ കേന്ദ്രങ്ങളിൽനിന്ന് വേർപെടുത്തിക്കഴിഞ്ഞു. ഇതുപോലെത്തന്നെ അർദ്ധദ്വീപിന്റെ വടക്കൻ ഖണ്ഡവും മററു പ്രദേശങ്ങളിൽനിന്നു വേർപെടുത്തിയിരിക്കുന്നു. ഈ വടക്കൻ ഖണ്ഡം ജർമ്മൻകാർ അനവധി പടക്കോപ്പുകൾ നിറച്ചുവെച്ച സ്ഥലമാണ്. ഈ വിധം ആക്രമണത്തിന്റെ ഒന്നാം ഘട്ടം കഴിഞ്ഞുവെന്നുതന്നെ പറയാം. ഐക്യകക്ഷികളുടെ സൈന്യങ്ങളും പടക്കോപ്പുകളും തുരുതുരെ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നുണ്ടായിരിക്കാം. ഇതു് ആക്രമണ സൈന്യത്തിന്റെ ശക്തി ക്ഷയിച്ചുപോകരുതെന്നു കരുതീട്ടാണ്. എന്നാൽ യുദ്ധത്തിന്റെ രണ്ടാമത്തെ ദശയാരംഭിച്ചുവെന്ന് ഇപ്പോൾ പ്രതീക്ഷിക്കാറായി. ജർമ്മൻ സൈന്യ സമിതി കരുതലോടുകൂടി ശേഖരിച്ച സൈന്യങ്ങളെ കഴിയുമെങ്കിൽ ഐക്യകക്ഷികളുടെ പുരോഗതിയെ തടയുവാനും അല്ലെങ്കിൽ അവരുടെ പുരോഗതിക്കു കാലവിളംബനം വരുത്തുവാനും ഉപയോഗിച്ചുകൊണ്ടാണ് വരുന്നതു്. ഇന്നു് നടക്കുന്ന യുദ്ധം കാര്യമായ യുദ്ധമാണോ, അതോ വലുതായ ഒരു യുദ്ധത്തിന്റെ ആരംഭം മാത്രമാണോ എന്നറിയാതെ ജർമ്മൻ സൈന്യനായകന്മാർ കുഴങ്ങുന്നു. അതിനാൽ കരുതിവെച്ച സൈന്യശക്തി ഉപയോഗിക്കേണ്ട ഘട്ടമായോ ഇല്ലയോ എന്നറിയാതെ ജർമ്മൻ സൈന്യനായകസമിതി പരിഭ്രമിക്കയാണത്രെ.



ഐക്യകക്ഷികളുടെ സൈന്യനേതൃത്വ സമിതി ലണ്ടനിൽ സമ്മേളിക്കുന്നു. ഇടത്തുനിന്നു വലത്തോട്ടു: ലഫ്ടനെൻറ് ജനറൽ ഒമർ എൻ. ബ്രാഡ്‌ലി (അമേരിക്കൻ കാലാൾ സൈന്യനായകൻ), (2) അഡ്മിറൽ സേർബർട്ട്റാം റാംസേ (ഐക്യകക്ഷി കടൽ സൈന്യാധിപൻ), (3) എയർ ചീഫ് മാർഷൽ സേർ ആർതർ ടെഡ്ഡർ (ഡിപ്യൂട്ടി സുപ്രീം കമാണ്ടർ), (4) ജനറൽ ഐസ്നോവർ (സുപ്രീം കമാണ്ടർ), (5) ജനറൽ മണ്ട്ഗോമറി (ബ്രിട്ടീഷ് സൈന്യാധിപൻ), (6) എയർ ചീഫ് മാർഷൽ മാലൊറി (വിമാന സൈന്യാധിപൻ), (7) ജനറൽ വാൾട്ടർ സ്മിത്ത് (ചീഫ് ഓഫ് സ്റ്റാഫ്, സുപ്രീം ഹെഡ്ക്വാർട്ടേർസ്)

## ശരിയായ ഒരു സൈന്യ അണി ആയിട്ടില്ല

യുദ്ധം തുടൎന്നുപോകുംതോറും ദുർഗ്രാഹ്യവും വിഷമവുമായ സന്ദൎഭങ്ങളും ആയവ്യയങ്ങളും കാണപ്പെടുന്നു. ചിലപ്പോൾ, ശത്രുക്കൾ കടൽതീരങ്ങളിൽ ഉറപ്പിച്ച പീരങ്കിത്താവളങ്ങൾ തകരുന്നു; ചിലപ്പോൾ, ഐക്യകക്ഷി സൈന്യങ്ങൾ വളരെ ഉള്ളിലോട്ടു കടന്നു് എങ്ങാനോ സ്ഥിതി ചെയ്യുന്ന ഒരു സൈന്യസങ്കേതത്തെ അവലംബിച്ചു യുദ്ധം ചെയ്യുന്നു; മറ്റുചിലപ്പോൾ, ഐക്യകക്ഷി സൈന്യങ്ങളുടെ പിന്നിൽപെട്ട ശത്രുസൈന്യങ്ങളെ വളഞ്ഞു പിടിച്ചു ആകമാനം നശിപ്പിച്ചുകളയുന്നു. ഇതിന്നെല്ലാം പുറമെ, നോക്കുന്നേടങ്ങളിലെല്ലാം, തല്ലിന്നും തടവിന്നും ഒരുങ്ങിപ്പുറപ്പെട്ട സൈന്യങ്ങളെ കയറ്റിക്കൊണ്ടു ഐക്യകക്ഷി വിമാനങ്ങൾ ആകാശത്തിൽ എല്ലാടവും ചിറകുവെച്ച ദ്വീപുകളെന്നപോലെ പറന്നു കളിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ, മുറിയാത്ത ഒരു അണിനിര ഇനിയും ഐക്യകക്ഷികൾ സ്ഥാപിച്ചു കഴിഞ്ഞിട്ടില്ല.


ഇന്നു് ഏറ്റവും ഗൌരവമായ യുദ്ധരംഗം ചർബർഗ് അർദ്ധദ്വീപുതന്നെയാണു്. ഈ രംഗത്തെ ഐക്യകക്ഷി സൈന്യങ്ങൾ സ്വാധീനിച്ചു കഴിഞ്ഞു. വലത്തു ഭാഗത്തു അമേരിക്കൻ സൈന്യവും, ഇടത്തുവശം ബ്രിട്ടീഷുകാരുടെയും കനഡക്കാരുടെയും സൈന്യവുമാണു്. കരക്കുചെന്നിറങ്ങുക മാത്രം ചെയ്യുകഴിഞ്ഞിട്ടുള്ള ഐക്യകക്ഷി സൈന്യങ്ങളുടെ യഥാൎത്ഥ ലക്ഷ്യമെന്തെന്നു് ഇനിയും പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിട്ടില്ല. എന്നാൽ ജൎമ്മൻകാർ കടലോരങ്ങളിൽ അടിയുറപ്പിച്ചു നിൎത്തിയിരുന്ന രക്ഷാമാൎഗ്ഗങ്ങൾ പലേടങ്ങളിലും കീറിപൊളിച്ചുകളഞ്ഞുവെന്നുള്ള ഏകസംഗതിതന്നെ ഐക്യകക്ഷി സൈന്യങ്ങൾക്കു് കൃതാൎത്ഥതക്കു കാരണമായിട്ടുണ്ടു്. ഇത്ര നാഴിക ഉള്ളിലോട്ടു കടന്നുവെന്ന കണക്കിൽ വിജയത്തെ അളക്കാവുന്ന സ്ഥിതിയിലല്ലാ ഇന്നു് യുദ്ധം. ഏതെല്ലാം തരത്തിലുള്ള പ്രതിബന്ധങ്ങൾ തരണം ചെയ്യുവെന്നു് നോക്കീട്ടാണു് ഇന്നത്തെ ഐക്യകക്ഷി വിജയം അളക്കേണ്ടതു. പ്രതിബന്ധങ്ങൾ എത്രയും അഗ്രാഹ്യങ്ങളാണെന്നുള്ള സംഗതികൂടി വിസ്മരിക്കത്തക്കതല്ല.

## ജൎമ്മൻകാരുടെ പ്രചാര കുസൃതികൾ

ഐക്യകക്ഷി സൈന്യ സങ്കേതങ്ങളിൽനിന്നു് പുറപ്പെടുന്ന വൎത്തമാനങ്ങൾ വളരെ ചുരുങ്ങിയ വിവരണങ്ങൾ മാത്രമാണു്. എന്നാൽ ജൎമ്മൻ സൈന്യകേന്ദ്രങ്ങളിൽനിന്നുള്ളവ നേരെമറിച്ചും ആകുന്നു. ജൎമ്മൻകാർ പുറപ്പെടുവിക്കുന്ന വൎത്തമാനങ്ങൾ മിക്കതും അടിസ്ഥാന രഹിതമായ പ്രസ്താവങ്ങളാണു്. ഐക്യകക്ഷികൾ അവയെ നിഷേധിക്കുകയോ, വിശദമാക്കുകയോ ചെയ്യുന്ന പക്ഷം ഐക്യകക്ഷി സൈന്യങ്ങളെക്കുറിച്ചു ഗുരുതരമായ വല്ല ഊഹങ്ങളും അവയിൽനിന്നു് കടഞ്ഞെടുപ്പാൻ സാധിച്ചേക്കാമെന്നാണു് ജൎമ്മൻകാരുടെ പ്രതീക്ഷ.

## സാരഥിയില്ലാത്ത തേരു്

പണ്ടു് കേൾക്കാത്തതും കാണാത്തതുമായ ഒരു സാധനം നിൎമ്മിക്കുന്നവരെല്ലാം ബഹുമതിക്കൎഹന്മാരാണെങ്കിൽ ഹിററ്ലർ തീൎച്ചയായും തന്റെ അൎഹത വെളിവാക്കിയിരിക്കുന്നു. അദ്ദേഹം ഇപ്പോൾ യുദ്ധരംഗത്തിൽ അരങ്ങേറ്റം കഴിപ്പിച്ച ഒരു പുതിയ തരം വിമാനത്തിന്നു് തെളിക്കാൻ ആളില്ലത്രെ. വിമാനതാവളത്തിൽ നിന്നു് അവയെ പറപ്പിച്ചുവിടുകയാണു്; ഇംഗ്ലണ്ടിൽ എവിടെയെങ്കിലും ചെന്നു് ബോംബിട്ടു് ഈ വിമാനങ്ങൾ തന്നെത്താൻ നശിക്കുകയും ചെയ്യുന്നു. തല്ക്കു വെളിവില്ലാത്ത ഒരു പ്രയോഗമെന്നല്ലാതെ മറ്റെന്താണു് ഇതിനെപ്പറ്റി പറയേണ്ടതു്? യന്ത്രങ്ങൾ എത്ര സൂക്ഷ്മതയോടുകൂടി പരിഷ്ക്കരിച്ചാലും അവയുടെ പ്രവൎത്തനത്തിന്നു് മനുഷ്യബുദ്ധി പിന്നിലില്ലെങ്കിൽ കാററത്തു് പറപ്പിക്കുന്ന കാററാടിയെക്കാൾ അവക്കെന്താണു് വിശേഷം? മനുഷ്യചൈതന്യമല്ലേ ഏതു യന്ത്രത്തിന്റെയും ബുദ്ധിപൂൎവ്വമായ ഉപയോഗത്തിന്നുത്തരവാദി? ആളില്ലാതെ പറക്കുന്ന ഈ വിമാനങ്ങളുടെ ഗതി എങ്ങോട്ടാണു്? കുറിയെന്താണു്? കഷ്ടം! ഹിററ്ലർ യുദ്ധമെല്ലാം നിൎത്തിവെച്ചു കുട്ടിക്കളിയിൽ പ്രവേശിച്ചുവോ? അതോ ഈ വിമാനങ്ങളിൽ വേറെ വല്ല കളവും അന്തൎഭവിച്ചു കിടപ്പുണ്ടോ? കേട്ടേടത്തോളം ഇതു വെറും അസംബന്ധമായിരിക്കുന്നു.



വളരെ താണു പറന്നു് ബോംബിടുന്ന ഒരു വിമാനം. ഇതു് ശാന്തസമുദ്ര രംഗത്തിലുള്ള അമേരിക്കൻ വിമാനസേനയിൽപെട്ട ഒരു ബോംബർ വിമാനമാണു്

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 ജൂൺ 23-ാംനു, വെള്ളിയാഴ്ച

## ഫിൻലാണ്ട്

റഷ്യ ഫിൻലാണ്ടിൻെറ നേരെ ജൂൺ 10-ാം തിയ്യതി ആരംഭിച്ച ആക്രമണം ഒരു വിഷമഘട്ടത്തിലെത്തിക്കഴിഞ്ഞു. ഫിൻലാണ്ടു സൈന്യത്തിൻെറ മൂന്നു ശക്തിമത്തായ അണികളും രക്ഷാബന്ധങ്ങളും റഷ്യൻ സൈന്യം മുറിച്ച് വിബോർഗ് എന്ന തുറമുഖ പട്ടണം പിടിച്ചിരിക്കുന്നുവെന്നാണ് അടുത്തു കിട്ടിയ കമ്പി വർത്തമാനം. ഇത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ റഷ്യൻ സൈന്യം കാട്ടിയ പുരോഗമനശക്തിയാലോചിച്ചാൽ ഫിൻലാണ്ടിൻെറ തലസ്ഥാനനഗരിയായ ഹെൽസിങ്കിലേക്കു എത്തുവാൻ റഷ്യൻ സൈന്യത്തിന്ന് ഇനി മൂന്നാഴ്ചയിലധികം വേണ്ടാ. യൂറോപ്പിലെ ഏററവും ദുർഗ്ഗമാർഗ്ഗങ്ങളിൽ കൂടിയായിരുന്നു റഷ്യൻ സൈന്യം നടത്തിയ യുദ്ധം. റഷ്യക്കാർ ഇവിടുന്നങ്ങോട്ടുള്ള യുദ്ധം അതിവേഗത്തിൽ കഴിക്കുവാനാണ് വഴി. ജർമ്മനിയുടെ നേരെയുള്ള വേനൽക്കാലസമരം റഷ്യ ഇതേവരെ നിർത്തിയതുതന്നെ ഫിൻലാണ്ടുമായിട്ടുള്ള കലഹം അവസാനിച്ചിട്ടു മതിയെന്നുവെച്ചാണ്. ഫിൻലാണ്ട് കഷ്ടത്തിലാകുമ്പോൾ മതിയായ യാതൊരു രക്ഷയും ജർമ്മനി നൽകുന്നില്ലെങ്കിലും, റഷ്യയെ മാന്തുവാൻ ഫിൻലാണ്ടിനെ പലപ്പോഴും ജർമ്മനി ഉപയോഗിക്കാറുണ്ട്. മേലിൽ ഫിൻലാണ്ടു വഴിയായി ഒരു ജർമ്മൻബാധ തനിക്കുണ്ടാകരുതെന്നുവെച്ചാണ് റഷ്യ ഇപ്പോൾ ഫിൻലാണ്ടിനെ ആക്രമിച്ചിരിക്കുന്നത്. ലോകത്തിൽ മര്യാദക്കാരായ യാതൊരു കോയ്മകളുടെയും സഹായമൊ, അനുഭാവമൊ ഫിൻലാണ്ടിന്നില്ല. അമേരിക്ക അടുത്തവസരത്തിൽ ഫിൻലാണ്ടുമായിട്ടുള്ള ഐക്യതക്ക് വിരാമം ഇട്ടുകഴിഞ്ഞു. എന്തു സദുപദേശത്തിന്നും ഫിൻലാണ്ട് അനുകൂലിക്കയില്ലെന്നു കണ്ടാണ് ഏററവും മൈത്രീഭാവത്തോടുകൂടിയിരുന്ന അമേരിക്കയും കൂടി ഈ നയം ആചരിച്ചത്. റഷ്യക്ക് കീഴടങ്ങുകയല്ലാതെ ഫിൻലാണ്ടിന്ന് മറെറാരു ഗതിയും ഈ ഘട്ടത്തിലില്ലെന്ന് തീർച്ചയാണ്.



## ജാപ്പ് സമരരംഗങ്ങൾ

ജാപ്പ് സമരരംഗം ഒരു രംഗമല്ല; അനവധി രംഗങ്ങളായിട്ടാണ് ഇന്ന് അതു വർത്തിക്കുന്നത്. മനുഷ്യൻെറ ദേഹത്തിൽ എവിടെയെങ്കിലും ഒരു ഭാഗത്തു ബാധിക്കാനിടവരുന്ന വിഷജ്വാല ദേഹമാസകലം ബാധിച്ച് രക്തത്തെ മലിനപ്പെടുത്തുന്നപോലെയുള്ള ഒരു വിഷജ്വാലയാണ് ജാപ്പാൻ. പേരും പെരുമയും പോരിന്നുക്കുമുള്ള രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ കൂട്ടിമുട്ടിയുണ്ടാകുന്ന സംഘട്ടനമാണ് യുദ്ധമെന്ന ഒരു യുദ്ധമര്യാദ വളരെക്കാലമായിട്ടുണ്ടായിരുന്നുവെങ്കിലും രാഷ്ട്രലോകത്തിൽ ജാപ്പാനെപ്പോലുള്ള ഒരു ദുഷിച്ച ശക്തി ആവിർഭവിച്ചതോടുകൂടി സർവ്വമര്യാദയും കെട്ടിവെക്കേണ്ടിവന്നു. ഏതെങ്കിലും ഒരു ദിക്കിൽ ഈ വിഷജ്വാല പൊട്ടിപ്പുറപ്പെടുന്നതിനെ അമർത്തിക്കഴിയുമ്പോഴേക്കു മറെറാരു ദിക്കിൽ അതു പൊട്ടി അളിയുന്നു. ചുരുക്കിപ്പറയുന്നതായാൽ ഊറാമ്പിലിവിഷം, എലിവിഷം, ജാപ്പ്‌വിഷം മുതലായതെല്ലാം ഒരു തരം പ്രത്യേക ചികിത്സകൊണ്ടെ നശിക്കാൻ വഴിയുള്ളൂ. ദേഹമൊട്ടാകെ ഒരു പിഴിഞ്ഞുകുത്തും, തലക്കു നല്ല ധാരയുമാണ് ഇതിന്നു ഐക്യകക്ഷികൾ വിധിച്ചിട്ടുള്ള ചികിത്സ. തലക്ക് ബോംബ്‌ധാര തുടങ്ങിക്കഴിഞ്ഞു; ജാപ്പാൻെറ തലയാണല്ലൊ ടോക്കിയോ. പിഴിഞ്ഞുകുത്തും ദേഹമൊട്ടാകെ ആരംഭിച്ചിരിക്കുന്നു. അസ്സാം-ബർമ്മാ രംഗത്തിൽ ജാപ്പാൻെറ അധോഗതി പ്രത്യക്ഷമായി. ആസ്സാമിൽ ഇനി ഒരൊററ ജാപ്പാൻകാരനില്ല. നാട്ടുരാജ്യമായ മണിപ്പൂരിയിൽ മാത്രം കുറച്ചുകൂടി ജാപ്പാൻകാർ ബാക്കിയുണ്ട്. ഈ രംഗത്തിൽ അതിവർഷം ആരംഭിച്ചുവെങ്കിലും ഐക്യകക്ഷിസൈന്യങ്ങളുടെ പുരോഗതിക്കു യാതൊരു തടസ്ഥവും വന്നിട്ടില്ല. കോഹിമയിൽനിന്നു തെക്കോട്ടും ഇംഫാലിൽനിന്ന് വടക്കോട്ടും ഐക്യകക്ഷികളുടെ രണ്ടു സൈന്യങ്ങൾ പുറപ്പെട്ടിട്ടുള്ളത് ഒന്നിച്ചു ചേരുവാൻ ഇനി ഇരിപത്തൊമ്പതു നാഴികയുടെ വ്യത്യാസമെ ഉള്ളൂ. ഇവർ ഒന്നിച്ചു ചേർന്നുകഴിഞ്ഞാൽ ഡിമാപ്പൂരി-ഇംഫാൽ റോഡ് മുഴുവൻ ശത്രുക്കളിൽനിന്ന് രക്ഷപ്പെട്ടുവെന്നു പറയാം. ഈ റോട്ടിന്നു തൊട്ടു കിടക്കുന്നതും, വലിയ ഒരു ജാപ്പാൻ സൈന്യസങ്കേതവുമായ മെയോസോങ്ങ്സാങ്ങ് ബ്രിട്ടീഷ് സൈന്യം പിടിച്ചെടുക്കുകയും ചെയ്തിരിക്കുന്നു. ബർമ്മാരംഗത്തിലെ മറെറാരു പ്രധാന യുദ്ധഖണ്ഡമാണ് വടക്കൻ ബർമ്മാ. ഇവിടെവെച്ചു നടക്കുന്ന യുദ്ധത്തിൻെറ പ്രധാനോദ്ദേശം ഇന്ത്യയിൽനിന്ന് ചൈന

കളുള്ള ഗതാഗതമാർഗ്ഗം കൈവശപ്പെടുത്തുവാനാണ്. ആറാഴ്ചയോളം പൊരുതി യുദ്ധം ചെയ്തതിനുശേഷം ടിയാങ്ങ്സപ്പിലെ ജാപ്പാൻകാർ ഐക്യകക്ഷി സൈന്യങ്ങൾക്കു കീഴടങ്ങിയിരിക്കുന്നു. ഇതിന്നു മുമ്പ്, ജൂൺ 16 ാം തിയ്യതി ഈ പ്രദേശത്തു ജാപ്പ് സൈന്യത്തിന്റെ ഒരു പ്രധാന നിവൃത്തി കേന്ദ്രമായ കമേയിങ്ങ് പട്ടണവും ചൈനീസ് സൈന്യത്തിന്നു കീഴടങ്ങി. ഇനി മോഗോങ്ങ് നഗരിയുടെ നേരെയാണ് ഐക്യകക്ഷി സൈന്യങ്ങൾ മുതിർന്നിരിക്കുന്നതു്. അരാഖാൻ ഖണ്ഡത്തിൽ മഴയായതിനാൽ വലുതായ സംഭവങ്ങളൊന്നും നടക്കുന്നില്ല. ശാന്തസമുദ്രരംഗത്തിൽ ജാപ്പാൻകാരുടെ കൈവശമുള്ള മരിയാനാസ് എന്ന ദ്വീപസമൂഹങ്ങളിൽപ്പെട്ട സൈപ്പാൻ ദ്വീപിൽ അമേരിക്കക്കാരുടെ ഒരു സൈന്യം ചെന്നിറങ്ങിയിരിക്കുന്നു. ഈ ദ്വീപുസമൂഹം കൈവശം വരുന്നപക്ഷം ഐക്യകക്ഷികൾ ടോക്കിയോവിന്നു് എത്രയോ അടുത്തെത്തും. സൈപ്പാൻ ടോക്കിയോവിൽനിന്നു് 1,400 നാഴിക അകലെയാണ്. ശാന്തസമുദ്രത്തിലെ മററ് ജാപ്പ് കേന്ദ്രങ്ങളിലും, വിശിഷ്യ ട്രക്കിലും, അടിക്കടി അതിഭയങ്കരമായ ആക്രമണങ്ങൾ നടത്തിവരുന്നു. ചുരുക്കിപ്പറയുന്നതായാൽ, ഐക്യകക്ഷികൾ ഒരുദിക്കിലും ജാപ്പാന്നു് വിശ്രമം നൽകുന്നില്ല.

## മോഹമുദ്ഗരം

ലോകത്തിന്റെ ഏതു് ഭാഗത്തു് പറന്നെത്തിയാലും ശത്രുവിമാനങ്ങൾ തലസ്ഥാന നഗരിയായ ടോക്കിയോവിൽ പറന്നെത്തുകയില്ലായിരുന്നുവെന്നാണ് ജാപ്പാന്നു് ഇതേവരെ പുലർത്തിപ്പോരുവാൻ സാധിച്ച ദുർമ്മദം. ടോക്കിയോവിനെ ശത്രുബാധയിൽനിന്നു് ഒഴിവാക്കുമാറുള്ളതാണ് ജാപ്പാന്റെ പരിസരങ്ങൾ. ഐക്യകക്ഷി വിമാനങ്ങൾക്കു പറന്നെത്തുവാൻ സാധിക്കുന്ന യാതൊരു വിമാനസങ്കേതങ്ങളും അവർക്കു ജാപ്പാന്റെ അടുത്തൊന്നും ഉണ്ടായിരുന്നില്ല. ദൂരപ്രദേശങ്ങളിൽനിന്നു പറന്നെത്തി ജാപ്പാന്റെ നഗരികളെ നശിപ്പിക്കുവാൻ തക്ക ദീർഘയാന വിമാനങ്ങളും ഐക്യകക്ഷികൾക്കുണ്ടായിരുന്നില്ല. ഇങ്ങിനെയുള്ള ഒരു ഘട്ടത്തിലാണ് ജാപ്പാന്നു് തന്റെ ദുർമ്മദം പുലർത്തിപ്പോരുവാൻ സാധിച്ചതു്. എന്നാൽ ഐക്യകക്ഷികൾക്കു ഒരു ഘട്ടത്തിൽ ജാപ്പാന്റെ നേരെ കാട്ടേണ്ടിവന്ന ദുർബ്ബലത ഒരിക്കലും സ്ഥിരമായിട്ടുള്ളതല്ലായിരുന്നു. ജാപ്പാന്നു താല്ക്കാലികമായി രക്ഷകിട്ടിയതു് ഐക്യകക്ഷികൾക്കു മററു രംഗങ്ങളിൽ സശ്രദ്ധം നടത്തേണ്ടിവന്ന പരാക്രമങ്ങൾ കൊണ്ടായിരുന്നുവെന്നല്ലാതെ ജാപ്പാന്നു് പ്രകൃത്യാലുള്ള ശക്തികൊണ്ടോ, ഐക്യകക്ഷികൾക്കു പ്രകൃത്യാലുള്ള ദുർബ്ബലതകൊണ്ടോ അല്ലായിരുന്നു. എന്നാൽ ഹിററ്ലറെ കാര്യമായി കടാക്ഷവീക്ഷണം ചെയ്യുന്നവസരങ്ങളിലെല്ലാം ജാപ്പാന്നു് ഓണപ്പുടവയ്ക്കുള്ളതെല്ലാം തെയ്യാറായിവരികയും ചെയ്തിരുന്നു. എന്താണ് തെയ്യാറായിരുന്നതെന്നു് കഴിഞ്ഞ 15-ാം തിയ്യതി ജാപ്പാനിലെ ദുർമ്മതികൾക്കറിയാറായി. ഇന്ത്യാ, ബർമ്മ, ചൈനാ എന്നീ പ്രദേശങ്ങളിൽനിന്നു് ഒരുതരം വിമാനക്കോട്ടകൾ പച്ചപ്പകലിൽ ജാപ്പാന്റെ നാനാ നഗരികളുടെ ഉപരിഭാഗത്തു് പറന്നു ചെന്നു് ഒരുതരം ബോംബാഞ്ജലിചെയ്തുവത്രെ. ഇത്തരത്തിലുള്ള വിമാനങ്ങൾ ഐക്യകക്ഷികൾക്കു ഉണ്ടെന്നു് ഇപ്പോഴാണ് ലോകത്തിന്നൊട്ടാകെ അറിയാറായതു്. ഇവക്കു ജാപ്പാനിലെത്തുവാനുള്ള പ്രാപ്തിമാത്രമല്ല, കാലന്റെ കോട്ടയിൽ പറന്നെത്തുവാനും സാധിക്കും. അമേരിക്കയിൽനിന്നു് പറന്നു ഇംഗ്ലാണ്ടിൽവന്നു് ഒരിടത്തും ഇറങ്ങാതെ തിരിച്ചു അമേരിക്കയിൽതന്നെ എത്തുമാറുള്ള ഘോര വിമാനങ്ങളാണ് ഇവയെല്ലാം. മാത്രമല്ല, വേഗതയിലും, കുറിനോട്ടത്തിലും, അംബരത്തോളമുയർന്നു പറക്കുവാനുള്ള പ്രാപ്തിയിലും ഈ വിമാനങ്ങൾ തന്നെയാണ് ജാപ്പാന്റെ മോഹമുദ്ഗരം. കൊല്ലം 1942 ഏപ്രിൽ 18-ാം തിയ്യതി അമേരിക്കയുടെ ഒരു വിമാനവാഹിനിക്കപ്പലിൽനിന്നു് ചില വിമാനങ്ങൾ പറന്നു ചെന്നു് ജാപ്പാന്റെ മൂന്നോ നാലോ നഗരികളിൽ ബോംബിടുകയുണ്ടായിട്ടുണ്ടു്. എന്നാൽ ഇത്തരത്തിലുള്ളാക്രമണം ഇടക്കിടക്കു ചെയ്യുവാൻ സാധിക്കുന്നതല്ല. നേരെമറിച്ചു ഇപ്പോൾ ഈ മഹൽകൃത്യത്തിന്നു് പററിയ വിമാനങ്ങളും ആളുകളും വേണ്ടത്ര വന്നെത്തിയിരിക്കുന്നു. ശുഭമുഹൂർത്തത്തിൽ അവരുടെ കർമ്മം ആരംഭിക്കുകയും ചെയ്തു. ഇനി ജാപ്പാന്റെ പ്രൌഢഗംഭീരമായ നഗരികളൊന്നും ഭൂതലത്തിൽ വളരെ കാലം നിലനില്ക്കുമെന്നു് ആരും കരുതേണ്ടാ. ജാപ്പാനിലെ നഗരികൾ യൂറോപ്യൻ നഗരികളെപ്പോലെ വളരെ ഉറപ്പിൽ പണിചെയ്തവയല്ല. വെറും കടലാസ്സും ഘനമില്ലാത്ത മരവും മാത്രമാണ് ഈ നഗരികളുടെ നിർമ്മാണത്തിന്നുള്ള സാമഗ്രികൾ. ഒരു നഗരിക്കു ഒരു ബോംബിലധികം വേണ്ടിവരുന്നതല്ല സൂര്യസാമ്രാട്ടിലെന്നാണ് കേൾവി. ഐക്യകക്ഷി വൈമാനികന്മാരുടെ നിത്യബോംബു പരിശീലനം ജാപ്പാന്റെ ബുദ്ധിക്കു കുറച്ചെങ്കിലും മാർദ്ദവം വരുത്തട്ടെ.

# സ്വാതന്ത്ര്യം

(ആർ. ഗാലിററി, ഐ. സി. എസ്.)

സ്വാതന്ത്ര്യത്തിന്റെ നിലനില്പിന്നു വേണ്ടിയാണ് ഐക്യകക്ഷി രാജ്യങ്ങൾ യുദ്ധത്തിൽ പങ്കെടുക്കുന്നതെന്ന് നാം പറയുന്നുവെങ്കിൽ നാം പറയുന്നതു് സംശയരഹിതമായ സത്യമാണ്; പക്ഷെ "സ്വാതന്ത്ര്യം" എന്ന പദത്തിന്റെ അർത്ഥമെന്താണെന്ന് വിവക്ഷചെയ്യേണ്ടതു് അത്യാവശ്യമാണുതാനും. സ്വാതന്ത്ര്യമെന്നും, മോചനമെന്നും മററുമുള്ള പദങ്ങൾ മഹാദർശങ്ങളെക്കുറിക്കുന്നവയും, നാനാവിധത്തിലുപകരിക്കപ്പെടുന്നവയുമാണെങ്കിലും ആവൽ സമ്പൂർണ്ണങ്ങളും, അവ്യക്തമായ ചില ഭാവനകളെ ഉണ്ടാക്കിത്തീർത്തു് മനോവികാരങ്ങളെ ഇളക്കിമറിക്കുന്നവയുമാകുന്നു. "ഇതാണ് സ്വാതന്ത്ര്യമെന്ന് പറയപ്പെടുന്ന വസ്തു" വെന്ന് ഒരു സാധനത്തെ ചൂണ്ടിക്കാണിച്ചു പറയത്തക്ക വ്യക്തികളൊന്നും തന്നെ ഇല്ല. കവികളും മററും സ്വാതന്ത്ര്യ പദത്തിന്ന് അലങ്കാരങ്ങൾ ചേർത്തു, സഹവാസം കൊണ്ടു് അർത്ഥഗർഭമാക്കിച്ചെയ്തിരിക്കുന്നതിനാൽ, മനോവികാരങ്ങളെ ഇളക്കിമറിക്കുവാൻ ഇത്ര ശക്തമായ മറെറാരു പദം ഉണ്ടോ എന്ന് കൂടി സംശയിക്കേണ്ടിയിരിക്കുന്നു. പല രാജ്യങ്ങളിലും പല കാലങ്ങളിലും പൊതുജനങ്ങളുടെ ഇടയിൽ വിപ്ലവബോധം ജനിപ്പിക്കുവാൻവേണ്ടി പരിശ്രമിക്കുന്ന ചില നേതാക്കന്മാർ ജീവിതത്തിലും ചിന്തയിലുമുള്ള സ്വാതന്ത്ര്യത്തെപററിയോ, ഭരണകാര്യങ്ങളെപ്പററിയൊ ശരിയായ ബോധമില്ലാതെ, അവ്യക്തവിവക്ഷയോടുകൂടിയ മേൽപറഞ്ഞ പദത്തെ ഉപയോഗിച്ച്, ഭൂരിപക്ഷ സമുദായത്തിന്റെ സ്വാതന്ത്ര്യ നിലനില്പിന്നനുയോജ്യമാകാത്തവിധമുള്ള വിപ്ലവപ്രസ്ഥാനങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുണ്ടു്. ജർമ്മൻ ജനതയെ ഈവിധം അപകടത്തിൽ ചാടിച്ച ഹിററ്ലറുടെ പ്രവർത്തനം ലോക ചരിത്രത്തിൽ ആദ്യത്തെ സംഭവമല്ല; ഒരുപക്ഷെ ഒടുവിലത്തേതുമല്ല.

പലപ്പോഴും വാസ്തവങ്ങളിൽനിന്ന് വിട്ട് വാക്കുകൾ സ്വാശ്രയത്തോടുകൂടി വർത്തിക്കുന്നു; അതിനാൽ ചിലപ്പോൾ അർത്ഥമില്ലാതെ വാക്കുകൾ ഉപയോഗിക്കേണ്ടിവരികയും ചെയ്യുന്നുണ്ട്. സ്വാതന്ത്ര്യത്തെപററി പ്രതിപാദിക്കുമ്പോൾ, പദപ്രയോഗം അർത്ഥശൂന്യമാകാതിരിക്കേണമെങ്കിൽ "സ്വാതന്ത്ര്യ" പദത്തിൽ പ്രായോഗികമായിട്ടുള്ള അർത്ഥത്തെ വിവക്ഷചെയ്യാതെ നിവൃത്തിയില്ല. അമേരിക്കൻ കൊളനികളുടെ കഷ്ടപ്പാടുകളെയും സങ്കടങ്ങളെയും പററി ബർക്ക് ഒരവസരത്തിൽ പ്രസംഗിച്ചപ്പോൾ താഴെ പറയും പ്രകാരം പ്രസ്താവിച്ചു:

"സ്വാതന്ത്ര്യത്തെ ഒരു വ്യക്തിസ്വരൂപം മൂലം ധ്യാനിക്കുകയല്ലാതെ മററു വിധത്തിൽ കാണ്മാനില്ല. എതെങ്കിലും ഒരു വ്യക്തി സ്വരൂപത്തിൽ പ്രകാശിച്ചു കാണുന്ന വസ്തുവാണ് സ്വാതന്ത്ര്യം; ലോകത്തിലെ ഓരോ രാഷ്ട്രത്തിന്നും തനിക്കനുയോജ്യമായ ചില ഇഷ്ടവസ്തുക്കൾ ഉണ്ടാകുന്നതിനാൽ ഓരോ രാഷ്ട്രത്തിന്നും തനിക്കിഷ്ടമുള്ള വിധത്തിൽ സുഖോപഭോഗ്യങ്ങളുടെ മാതൃകയും ഉണ്ടായിത്തീരുന്നു."

ഒരു സ്വതന്ത്ര രാജ്യത്തിൽ ഒരു സ്വതന്ത്ര ജീവിക്ക് അത്യാവശ്യമായ എന്തെല്ലാം വ്യക്തികളിലാണ് സ്വാതന്ത്ര്യം നിലനിന്നുപോരേണ്ടതു്? ഇംഗ്ലീഷു ജനതയുടെ ഇഷ്ടവസ്തുക്കൾ ഏതെല്ലാമാണ്? ഏതിഷ്ടവസ്തുക്കളുടെ നിലനില്പിന്നാണ് ഇംഗ്ലീഷു ജനത യുദ്ധം ചെയ്യാനും ചാകാനും ഒരുങ്ങുന്നതു്? കഴിഞ്ഞ യുദ്ധത്തിൽനിന്ന് ചിലതെല്ലാം രക്ഷപ്പെടുത്തി; അവയെത്തന്നെയാണ് ഈ യുദ്ധത്തിൽനിന്നും രക്ഷപ്പെടുത്തേണ്ടതു്.

യൂറോപ്പിൽ യുദ്ധമുണ്ടാവാനെന്തായിരുന്നു കാരണം? പ്രഷ്യക്കാരെ സഹിപ്പാൻ വയ്യാതായതുതന്നെ. സഹിപ്പാൻ വയ്യാത്ത ഇവർ ജയിപ്പാൻ വയ്യാത്ത ഒരു ശക്തിയുമായിത്തീർന്നിരുന്നുവെങ്കിൽ ലോകത്തിന്റെ സ്ഥിതി എന്തായിരിക്കും? കഴിഞ്ഞ യുദ്ധത്തിൽ കെയിസർ സർവ്വവിജയിയായിരുന്നുവെങ്കിൽ ലോകത്തിലെ സ്ഥിതിക്കെന്തെല്ലാം മാററങ്ങൾ വന്നുചേർന്നിരിക്കാം? കഴിഞ്ഞ യുദ്ധംകൊണ്ടെന്താണ് അനുഭവം ഉണ്ടായതെന്ന് പലരും ചോദിച്ചേക്കാം. യുദ്ധകാലം കഴിഞ്ഞു നാം ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നുള്ള സംഗതിതന്നെ ഒരനുഭവമല്ലെ? യുദ്ധത്തിന്നു ശേഷം ഇംഗ്ലണ്ടും യൂറോപ്പും നിലനിന്നുപോരുന്നു. യുദ്ധത്തിൽനിന്നുദ്ഭവിച്ച പലേ പ്രാരബ്ധങ്ങളും അവമാനങ്ങളും അവർ അനുഭവിക്കുന്നുണ്ടായിരിക്കാം; എങ്കിലും യുദ്ധംകൊണ്ടു് അവർ ചത്തില്ലല്ലൊ; അതുതന്നെ ഒരനുഭവമല്ലെ? സാധൂകരിക്കാവുന്ന ഏതു യുദ്ധവും ആത്മരക്ഷക്കുവേണ്ടിമാത്രം ചെയ്യുന്ന യുദ്ധമാണ്; എന്നാൽ ആത്മരക്ഷക്കുവേണ്ടി ചെയ്യുന്ന ഏതു യുദ്ധത്തിൽനിന്നും ഒരാൾ തല പൊളിഞ്ഞു് രക്തപ്രളയത്തോടുകൂടിയെ പുറത്തു കടക്കുകയുള്ളു. പക്ഷെ ചത്തിട്ടുണ്ടാവുകയില്ലെന്നുമാത്രം.

ഐക്യകക്ഷികളുടെ യുദ്ധോദ്ദേശത്തെപ്പററി ഇന്ന് അധികമായി ചിന്തിക്കാത്തവരായിരുന്നു ആദ്യം അധികമായി ചിന്തിച്ചവർ. മാനവസംസ്കാരത്തെ ആപത്തിൽനിന്ന് രക്ഷിച്ചതു് മതിയായില്ലെന്ന് ശഠിക്കുന്നവർ ആവശ്യത്തിലധികമായി യുദ്ധത്തിൽനിന്ന് പ്രതീക്ഷിച്ചതുകൊണ്ടാണ്. ഇനിമേലിൽ യുദ്ധമുണ്ടാവില്ലെന്നോ, ആപത്തുകളൊന്നും ഉണ്ടാവില്ലെന്നൊ ആരും വാഗ്ദത്തം ചെയ്തിട്ടില്ല. വളരെ കഷ്ടമായ അനുഭവങ്ങൾ നമുക്കുണ്ടാവാതെ കഴികയില്ലെന്ന്മാത്രമെ നാം ആദ്യം തന്നെ പറഞ്ഞിട്ടുള്ളു. ഇത്തരത്തിലുള്ള കഷ്ടങ്ങൾ അനുഭവിക്കാഞ്ഞാൽ അതിലും മോശമായ അനുഭവങ്ങൾ വരുമെന്നായിരുന്നു അന്നത്തെ ഘട്ടം. ചുരുക്കത്തിൽ, ആത്മരക്ഷക്കൊരുങ്ങിയ ഒരുത്തന്നെന്താണ് പറവാനുള്ളതെങ്കിൽ അതായിരുന്നു നാം പറഞ്ഞിരുന്നതു്. കൃഷ്ണൻ നായരുടെ തോട്ടത്തിൽ കള്ളൻ കടന്ന് കായവെട്ടുന്നു. കൃഷ്ണൻ നായർ അതറിഞ്ഞു ചെന്നു കള്ളനെ എതൃക്കുന്നു. കള്ളനെ തോല്പിച്ചു തന്റെ മുതലിനെ രക്ഷിക്കുന്നു. കള്ളനോട് ഗുസ്തിപിടിച്ചു എന്തെ അനുഭവമുണ്ടായതെന്ന് കൃഷ്ണൻ നായരോടു ചോദിച്ചാൽ അതിന്നർത്ഥമില്ല. കള്ളനോടുള്ള ഗുസ്തി കഴിഞ്ഞതിന്നു ശേഷവും കൃഷ്ണൻ നായർ പഴയ കൃഷ്ണൻ നായർ തന്നെ. കള്ളനോടുള്ള ഗുസ്തിക്കു ശേഷം കൃഷ്ണൻ നായർ ഒരു ദൈവമായില്ലെന്നാക്ഷേപിച്ചിട്ടു യാതൊരു ഫലവുമില്ല. സ്വാത്മരക്ഷ ചെയ്യാനുള്ള അവകാശം ആയാൾക്കുണ്ടു്; കൃഷ്ണൻ നായർ രക്ഷിച്ചതു് തന്നെത്താനാണ്; അതിലധികവുമല്ല, കുറച്ചുമില്ല.

ന്യായപ്രകാരം നോക്കുകയാണെങ്കിൽ സ്വാതന്ത്ര്യം പലേ തരത്തിലാണ്; പലേ വകുപ്പുകളിലായി വ്യവസ്ഥ ചെയ്തിട്ടുള്ള സാധനങ്ങളേയും ഈ പദത്തിലുൾപ്പെടുത്താം. ഉപാധിയററ സ്വാതന്ത്ര്യം ഒരുവകയുണ്ടു്; മറെറാരു വകയാണ് ഓരോ വ്യക്തിയുടേയും സ്വാതന്ത്ര്യം; മൂന്നാമതായിട്ടുള്ളതാണ് ഒരു സമുദായത്തിന്റെ സ്വാതന്ത്ര്യം. നിരുപാധികമായ സ്വാതന്ത്ര്യത്തെ പററി പ്രതിപാദിക്കേണ്ടതില്ല; സാധാരണ



ശാന്തസമുദ്രത്തിൽ ജാപ്പ്കാരുടെ നേരെ ഐക്യകക്ഷികൾ പ്രയോഗിക്കുന്ന ഒരു സബ്മറീൻ കപ്പൽ ജോലി കഴിഞ്ഞ് സങ്കേതത്തിൽ തിരിച്ചെത്തുന്നു. ഇതു ബ്രിട്ടീഷുകാരുടെ കപ്പലാണ്

ക്കാക്ക് അതിൽ അഭിരുചി തീരെയില്ല. ഇത്തരത്തിലുള്ള സ്വാതന്ത്ര്യത്തെപ്പററി പ്രതിപാദിക്കുന്നതു് മഹാന്മാരുടെ വാക്യങ്ങളിൽ മാത്രമാണ്. ഭഗവൽഗീതയിലുണ്ടായിരിക്കും. ബൈബിളിൽ കണ്ടേക്കും. ഇത്തരത്തിലുള്ള സ്വാതന്ത്ര്യത്തിന്നാണ് ഇംഗ്ലീഷിൽ "ഡിററാച്ച്മെൻറ്" എന്നു് പറയുന്നതു്. എന്നാൽ ഒരു കോടി ജനങ്ങളിൽ ഒരാൾക്കെങ്കിലും അതിനെപ്പററി ധ്യാനിപ്പാൻ സാദ്ധ്യമല്ല. നമുക്കത്യാവിശ്യമായ സ്വാതന്ത്ര്യം സാധാരണ ജനങ്ങളുടെ സമുദായ കാര്യങ്ങളേയും രാഷ്ട്രീയ കാര്യങ്ങളേയും ബാധിക്കുന്നതാണ്. ഇത്തരത്തിലുള്ള സ്വാതന്ത്ര്യത്തെ നാലു വകുപ്പുകളായി വകഭേദം ചെയ്യാം. ഒന്നാമതായി ദേഹത്തിൻെറ സ്വാതന്ത്ര്യം തന്നെ. രണ്ടാമതാണ് മനസ്സിൻെറ സ്വാതന്ത്ര്യം. മൂന്നാമതാണ് സമുദായത്തിൽ കർമ്മ സ്വാതന്ത്ര്യം. നാലാമതു് രാഷ്ട്രത്തിൽ കർമ്മിക്കാനുള്ള സ്വാതന്ത്ര്യം. രണ്ടാമതു്, ഒരു സമുദായം ഒട്ടാകെ അനുഭവിച്ചുവരുന്ന സ്വാതന്ത്ര്യത്തെപ്പററി ചിന്തിക്കാവുന്നതാണ്. ഈ സ്വാതന്ത്ര്യം സമുദായത്തിൻെറ സ്വഭാവമനുസരിച്ചിരിക്കും. സാമുദായിക കാര്യങ്ങളിൽ ഉള്ള സ്വാതന്ത്ര്യം ഒരു തരത്തിലാണ്; രാഷ്ട്രീയ കാര്യങ്ങളിൽ മററൊരു തരത്തിലാണ്. ഇതിന്നെല്ലാററിന്നും പുറമെയാണ് രാഷ്ട്രത്തിൻെറ സ്വാതന്ത്ര്യം. ഈ രാഷ്ട്ര സ്വാതന്ത്ര്യത്തിനാണ് "ഇൻഡിപെൻഡൻസ്" എന്നു് പറയുന്നതു്. രാഷ്ട്രത്തിൻെറ സ്വാതന്ത്ര്യവും, ഓരോ വ്യക്തിയുടെ ജീവിതാവകാശ സ്വാതന്ത്ര്യവും ഒരേ പദംകൊണ്ടു് വ്യാഖ്യാനിക്കുന്നതിനാൽ, പല അസംബന്ധങ്ങളും നാം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടു്.

സ്വാതന്ത്ര്യത്തിന്നു് രണ്ടു ഭാഗങ്ങളുള്ളതായി കരുതണം; ഒന്നിന്നു് ധനഭാഗമെന്നും മറേറതിന്നു് ഋണഭാഗമെന്നും പറയാം. സ്വാതന്ത്ര്യത്തിന്നുള്ള മോഹം എപ്പോഴാണ് ഉളവാകുന്നതു്? അവകാശപ്പെട്ട സ്വാതന്ത്ര്യം ഇല്ലാതാക്കിയെന്നു് തോന്നുമ്പോഴാണ് സ്വാതന്ത്ര്യ മോഹം ഉത്ഭവിക്കുന്നതു്. അതിനാൽ സ്വാതന്ത്ര്യമെന്നാൽ ഏതെങ്കിലും ഒരു സ്ഥിതിയിൽനിന്നു് സ്വാതന്ത്ര്യമെന്നേ അർത്ഥമുള്ളൂ. ഒരുപക്ഷെ ഇതു് ബന്ധനത്തിൽ നിന്നുള്ള സ്വാതന്ത്ര്യമായിരിക്കും; അല്ലെങ്കിൽ മർദ്ദനത്തിൽനിന്നുള്ള സ്വാതന്ത്ര്യമായിരിക്കും; അല്ലെങ്കിൽ നികുതി കൊടുപ്പാനുള്ള ഉത്തരവാദത്തിൽനിന്നുള്ള സ്വാതന്ത്ര്യമായിരിക്കും; അല്ലെങ്കിൽ ദാരിദ്ര്യത്തിൽനിന്നോ ഭയത്തിൽനിന്നോ ഉള്ള സ്വാതന്ത്ര്യമായിരിക്കും. ഇത്തരത്തിലുള്ള സ്വാതന്ത്ര്യമെല്ലാം ഏററവും മികച്ചതുതന്നെ, സംശയമില്ല; എന്നാൽ ഇതെല്ലാം സ്വാതന്ത്ര്യത്തിൻെറ ഋണഭാഗമെ ആയുള്ളൂ. സ്വാതന്ത്ര്യത്തിൻെറ ധനഭാഗത്തിന്നാണ് അധികം മേന്മ; എന്തെങ്കിലും ചെയ്യാനും കർമ്മിക്കാനുമുള്ള സ്വാതന്ത്ര്യം. കർമ്മിക്കാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ മററു് സ്വാതന്ത്ര്യമെല്ലാം നിരർത്ഥകങ്ങളാണ്. എന്നാൽ ഇത്തരത്തിൽ കർമ്മിക്കാനുള്ള സ്വാതന്ത്ര്യം കാണുന്നതു് നാം തീരെ പ്രതീക്ഷിക്കാത്ത ഒരു രംഗത്തിലാണ്; കാടുകളിലും, മലകളിലും, മരുഭൂമികളിലും മനുഷ്യന്നു് കർമ്മിക്കാനുള്ള സ്വാതന്ത്ര്യം സുലഭമായിട്ടുണ്ടെന്നു് ധരിക്കാമെങ്കിലും, അവിടങ്ങളിൽ അലതല്ലുന്ന പ്രകൃതിയുടെ കഠോരതയെ നേരിടാനുള്ള കരബലം മനുഷ്യനില്ലാത്തതിനാൽ സ്വാതന്ത്ര്യലബ്ധികൊണ്ടു യാതൊരനുഭവവും ഇല്ല. നേരെ മറിച്ചു നിയമങ്ങളാലും, നിബന്ധനകളാലും, പോലീസ്, പട്ടാളം മുതലായ ഏർപ്പാടുകളാലും നിയന്ത്രിതമായ സമുദായത്തിലാണ് മനുഷ്യന്നു് കർമ്മിക്കുവാനുള്ള സ്വാതന്ത്ര്യം ഒട്ടേറെ കാണുന്നതു്. ഇതിൻെറ അർത്ഥം മററൊന്നുമല്ല; മനുഷ്യൻെറ കർമ്മ സ്വാതന്ത്ര്യം സുഖ ജീവിതത്തെ ആസ്പദിച്ചാണ്; സുഖജീവിതം നിയമങ്ങളാലും ചട്ടങ്ങളാലും നിയന്ത്രിതമായ ഒരു സമുദായത്തിലെ കാൺമാനും വഴിയുള്ളൂ.

കർമ്മിക്കാനുള്ള സ്വാതന്ത്ര്യമാണ് ഇംഗ്ലീഷുകാരൻ വക വെക്കുന്നതു്. അതിനാൽ ശരിയായി ചിന്ത ചെയ്യുന്ന ഘട്ടങ്ങളിലൊന്നും, സ്വാതന്ത്ര്യം ഒരു ജന്മാവകാശമാണെന്നും മററുമുള്ള ഘനംഹിതമായ അഭിപ്രായങ്ങൾ ഇംഗ്ലീഷുകാരൻ പറയുന്നതല്ല. ലോകരംഗത്തിൽ പുതുതായി അവതരിച്ച ഒരു ശിശുവിനേക്കാൾ സ്വാതന്ത്ര്യം കുറഞ്ഞ മററു വല്ലതുമുണ്ടോ എന്നു് സംശയമാണ്. പ്രകൃതിദത്തമായ വിഘ്നങ്ങളിൽ നിന്നോ മനുഷ്യസമുദായത്തിലെ മററു സഹജീവികളിൽ നിന്നോ വിമുക്തനായി കർമ്മ സ്വാതന്ത്ര്യം ലഭിപ്പാനിച്ഛിക്കുന്ന ഒരു മനുഷ്യൻ അതിനെപ്പററി ചിന്തിക്കുകയോ, അതിന്നു വേണ്ടി പരിശ്രമിക്കുകയോ, ചിലപ്പോൾ അതിന്നു വേണ്ടി മല്ലിടുകയോ ചെയ്യാഞ്ഞാൽ താനാഗ്രഹിക്കുന്ന സ്വാതന്ത്ര്യം കൈവരുന്നതുമല്ല. ഇംഗ്ലീഷു സമുദായം ഇപ്പോൾ അനുഭവിച്ചു വരുന്ന സ്വാതന്ത്ര്യം വളരെ പണിപ്പെട്ടുണ്ടായതാണ്; അതിൻെറ ലബ്ധിക്കുവേണ്ടി ചെയ്ത പരിശ്രമത്തിൽ അവർ തെററുകൾ അനവധി കാട്ടീട്ടുമുണ്ടു്. ഇങ്ങിനെ തെററുകാട്ടി നടത്തിയ പരിശ്രമങ്ങൾ സുമാറു് ആയിരത്തിലധികം കൊല്ലം നടത്തേണ്ടി വന്നു. സ്വാതന്ത്ര്യം ഒരവകാശമല്ല; ഒരു കർമ്മഫലമാണ്. സ്വാതന്ത്ര്യം വ്യവസ്ഥ ചെയ്ത ഒരവകാശപരമ്പരയാണ്. ഈ വ്യവസ്ഥ വളരെ ശുഷ്കാന്തിയോടുകൂടി ചെയ്തതാണ്. ഇങ്ങിനെ ശുഷ്കാന്തിയോടുകൂടി ചെയ്ത വ്യവസ്ഥയുടെ ഉദ്ദേശം ഓരോരുത്തനും തൻെറ പ്രാപ്തിക്കനുസരിച്ചു ചിന്ത ചെയ്യാനും കർമ്മിക്കാനും ഉള്ളതായ ഒരു ശക്തിയെ പ്രദാനം ചെയ്യുന്ന ഒരു നീതിന്യായപരിപാലനമാണ്.

അവകാശങ്ങൾ, നീതിന്യായം മുതലായവയും സ്വാതന്ത്ര്യ ബോധത്തോടുള്ള ബന്ധത്തെ അനുസരിച്ചിരിക്കും ഒരു സമുദായത്തിലെ അംഗങ്ങൾക്കു പൊതുവെ ലഭിക്കുന്ന സ്വാതന്ത്ര്യം. സർവ്വജനങ്ങൾക്കും സ്വാതന്ത്ര്യം ഒരു ധർമ്മ നിഷ്ഠയോടുകൂടിയ സമുദായത്തിൽമാത്രമെ ഉണ്ടാവാൻ വഴിയുള്ളൂ. ധർമ്മനിഷ്ഠയോടുകൂടിയ സമുദായമെന്നു വെച്ചാൽ സമുദായത്തിലെ ഒരംഗത്തിന്നും മറ്റുള്ളവരനുഭവിക്കുന്നതിൽ കവിഞ്ഞ ഒരവകാശവും ഉണ്ടായിരിക്കരുതു് എന്നല്ല; മട്ടനം അനുഭവിക്കേണ്ടതായിട്ടില്ലെന്നുള്ള സ്ഥിതിയിൽ വർത്തിക്കുന്ന സമുദായമെന്നെ അർത്ഥമുള്ളൂ. സമുദായത്തിലെ ഓരോരുത്തനും അനുഭവിച്ചുവരുന്ന ഈ സ്വാതന്ത്ര്യത്തിൻെറ ലബ്ധിക്കായി ഓരോരുത്തൻെറയും പൂർണ്ണ സ്വാതന്ത്ര്യത്തിൽനിന്നു് കുറച്ചു ഇളവു ചെയ്യേണ്ടതായി വന്നേക്കാം. എന്നാൽ ഈ ഇളവിലും കഷ്ടമല്ലെ ഒരു സമുദായത്തിലെ ചിലക്കുമാത്രം സ്വാതന്ത്ര്യമുണ്ടെന്നും മററു ചിലക്കില്ലെന്നും ഉള്ള സ്ഥിതി? ഒരു രാഷ്ട്രത്തിന്നു് സ്വാതന്ത്ര്യമുണ്ടെന്നുള്ള സംഗതികൊണ്ടു അതിലെ പൌരന്മാക്കു വ്യക്തി സ്വാതന്ത്ര്യമുണ്ടാകേണമെന്നില്ലെന്നും നാം ഓർക്കേണ്ടതാണ്. സ്വാതന്ത്ര്യലോകത്തിൽ ഇംഗ്ലീഷുകാർക്കു നേതൃത്വം ലഭിപ്പാനുള്ള കാരണം അവർ രാഷ്ട്ര സ്വാതന്ത്ര്യത്തെയല്ലാ, വ്യക്തിസ്വാതന്ത്ര്യത്തെയാണ് വകവെക്കുന്നതെന്നുള്ള ഏക സംഗതിയാണ്. ഈ വ്യക്തിസ്വാതന്ത്ര്യത്തിന്നു് ഹാനിവന്നുപോയേക്കുമോ എന്നു ഭയപ്പെടേണ്ടിവന്ന ഘട്ടങ്ങളിലാണ് ഒരിക്കൽ അവർ ഒരു ഡച്ചുകാരനെയും, മററൊരിക്കൽ ഒരു ഹാനോവേറിയൻകാരനെയും രാജാവായി വാഴിച്ചതു്. തങ്ങളുടെ സ്വന്തം രാജാവിന്നു ഈ ഘട്ടങ്ങളിൽ പ്രബലമായ പിൻബലം ഉണ്ടായിട്ടും അവർ അതിനെയൊന്നും കണക്കാക്കിയില്ല.

ഇങ്ങിനെയെല്ലാമാണെങ്കിലും, ഇംഗ്ലീഷുകാർ വ്യക്തിസ്വാതന്ത്ര്യംപോലെത്തന്നെ രാഷ്ട്രത്തിൻെറ സ്വാശ്രയജീവിതാദർശത്തെയും വേണ്ടപോലെ ആദരിച്ചിരുന്നു. ഓരോ സമുദായത്തിൻെറയും സ്വാതന്ത്ര്യ വളർച്ച അതിൻെറ സ്വഭാവത്തിന്നനുസരിച്ചായിരിക്കേണമെന്നാണ് ഇംഗ്ലീഷുകാരുടെ ശാഠ്യം. ഈ ശാഠ്യത്തിൻെറ ഫലമായി അവരുടെ സ്വാതന്ത്ര്യാദർശത്തിൽ കയ്യിട്ടു് താറുമാറാക്കാൻ വേറെ ആരെയും അവർ സമ്മതിച്ചിരുന്നില്ല. തങ്ങളുടെ വ്യക്തി സ്വാതന്ത്ര്യത്തെ നിലനിർത്തേണ്ടതിന്നുവേണ്ടി അവർ തങ്ങളുടെ രാഷ്ട്രത്തിൻെറ സ്വാശ്രയനിലയേയും പരിപാലിച്ചുപോന്നു. എന്നാൽ ഇതിലെല്ലാം ഏററവും പ്രധാനമായ സംഗതി സമുദായത്തിലെ ഓരോ വ്യക്തിക്കും വേണ്ടതായ സ്വാതന്ത്ര്യമാണ്. ഇതിൻെറ നിലനില്പിന്നു് രാഷ്ട്ര സ്വാതന്ത്ര്യം വേണമെന്നു് നിർണ്ണയിച്ചുവെന്നു് മാത്രമല്ല, അന്യരാഷ്ട്രങ്ങളുമായി സംഘടിച്ചാൽ അവിടങ്ങളിലും തങ്ങൾക്കുള്ള വ്യക്തി സ്വാതന്ത്ര്യബോധം ഉണ്ടാക്കിത്തീർക്കാമെന്നു് അവർ നിർണ്ണയിച്ചു.

(ഒരാകാശവാണി പ്രസംഗത്തിൽനിന്നു്).


# എസ്. എസ്. എസ്

ഇന്നു് ഭൂമിയോ സ്വർണ്ണമോ നിങ്ങൾ വാങ്ങുന്നുവെങ്കിൽ നിങ്ങൾ ചെലവാക്കുന്ന പണത്തിൻെറ ശരിയായ പ്രതിഫലം നിങ്ങൾക്കു കിട്ടുന്നതല്ല.

പണം ചെലവുചെയ്യാതെ കരുതുക

തന്മൂലം സാമാനങ്ങളുടെ വില താഴട്ടെ; നിങ്ങളുടെ പണത്തിന്നു് തക്കതായ പ്രതിഫലം ലഭിക്കുമാറാകട്ടെ.

**ദേശീയ സമ്പാദ്യപ്പത്രം വാങ്ങുക**

# *വീരബലി

(സാമ്പജി, മദിരാശി)

കഥാപാത്രങ്ങൾ :

[(1) മാർത്താണ്ഡവർമ്മ: വേണാട്ടിലെ രാജാവ് (തിരുവിതാംകൂർ). (2) രാമയ്യൻ ദളവ: മന്ത്രി. (3) അനന്തപത്മനാഭൻ : വേണാട്ടിലെ സേനാധിപതി. (4) ശങ്കവാരിയർ : (കായംകുളം വാരിയം). (5) അച്യുതവാരിയർ : കായംകുളം സേനാധിപതി. (ശങ്ക വാരിയരുടെ മകൻ.) (6) ലക്ഷ്മി വാരസ്യാർ : അച്യുത വാരിയരുടെ അമ്മ. (7) നമ്പൂതിരിമാർ, ഗായകസംഘങ്ങൾ, ഭടന്മാർ എന്നിവർ.]

## അങ്കം I

### രംഗം 1

(സ്ഥലം : കായംകുളം ശിവക്ഷേത്രത്തിന്നു സമീപമുള്ള ഒരു വാരിയം. സമയം : പന്തീരടി കഴിഞ്ഞു.)

[ശങ്കവാരിയരും ലക്ഷ്മി വാരസ്യാരും പ്രവേശിക്കുന്നു.]

ശങ്ക : ലക്ഷ്മി! എന്താ ഇങ്ങനെ ആലോചിച്ചുകൊണ്ടിരിക്കുണ്ട്. ഇവിടെ വരു. നല്ല ഒരു വർത്തമാനം കേൾക്കണ്ടെ!

ലക്ഷ്മി : എന്താതു്. അച്ചു പടക്കു പോയിട്ടു ഇന്നീം തിരിച്ചുവന്നില്ലലോച്ച്രിക്കുാ. എന്റെ കുട്ടി വന്നല്ലാതെ ഇന്ന് ഞാൻ 'ജലപാനം' കഴിക്കില്ല.

ശങ്ക : അച്ചു വേണാട്ടിലെ സൈന്യത്തെ തോല്പിച്ചോടിച്ചുവെന്ന് ഇപ്പോൾ ഒരു ഭടൻ വന്നു പറഞ്ഞു. തമ്പുരാനും അച്ചുവും പിന്നാലെവരുന്നുണ്ടെന്നും ഇപ്പോൾ എത്തുമെന്നും അവൻ പറഞ്ഞു.

ലക്ഷ്മി : എന്തു്! നമ്മുടെ അച്ചു വേണാട്ടിലെ സൈന്യത്തെ തോല്പിച്ചോ! ആവൂ ഇശ്വരാ! ഇപ്പഴേനിക്കു് സമാധാനായുള്ളൂ. ഇതുവരെ ഹൃദയം വെന്തുരുകിക്കൊണ്ടാണ്ടാന്നിരുന്നതു്.

ശങ്ക : അതെതെ. നിക്കും നല്ല പേടിണ്ടായ്രുന്നു. അന്ന് പണിക്കരെ, അവന്നിപ്പോ രാഹുദശയാണെന്നും രാഹുവിന്റെ സ്വാപഹാരം കഴിയുന്നവരെ കഷ്ടകാലാന്നും പറഞ്ഞതോർത്തു് ദുഃഖിച്ചോണ്ടിരിക്ക്മ്പളാ ആ ചേകോർ വന്ന് ഇതു പറഞ്ഞതു്.

ലക്ഷ്മി : അല്ല, ഉണ്ണിക്കു ഗ്രഹപ്പിഴ എത്രകാലത്തോളണ്ടു്.

ശങ്ക : ഒരു രണ്ടു മാസത്തോളം.

ലക്ഷ്മി : ന്നാൽ അവൻ മടങ്ങിവന്നാ അവനേ എവിടക്കും പറഞ്ഞയക്കുരു്തു്.

ശങ്ക : ഞാനും അങ്ങനെ തീച്ച്യാക്കീട്ടുള്ളതു്. (ദൂരത്തേക്കുനോക്കിയിട്ടു്) അല്ലാ ആരാവരുണു്. അച്ചുവല്ലേ! കൂടെ ഒരു ചേകോരുംണ്ടല്ലോ.

(അച്ചുവും കോമകുറുപ്പും പ്രവേശിക്കുന്നു.)

ലക്ഷ്മി : അച്ചൂ! വായോ! വഴിനടന്നും നേരത്തു് ഊണില്ലാതേയും എന്റെ കുട്ടി വാടിപ്പോയിരിക്കുണു.

ശങ്ക : ആരാതു് കോമക്കുറുപ്പോ. വരു! വരു! ഇരിക്കു! ഇരിക്കു! നിങ്ങളെക്കണ്ടതന്നെ വളരെ സന്തോഷായി.

കോമ : ഏതായാലും കൊറെക്കാലായില്ലേ കണ്ടിട്ടന്നെച്ച് ട്ടന്ന്യാ ഞാങ്ങനെ വന്നതും.

ശങ്ക : പിന്നെന്താക്ക്യാ കുറുപ്പേ വൎത്താനം (വൎത്തമാനം).

കുറു : ഹ്! അങ്ങക്കു ശങ്കവാരരെ! ഈ ഒരു മകൻ പോരേ. രാമബാണം പോലെല്ലേ വേണാട്ടിലെ സൈന്യങ്ങള്ടെ പിന്നാലെ അച്ചുവാരരു് ഓടീരു്ന്നതു്. തമ്പുരാൻ വളരെ സന്തോഷിച്ചു. അച്ചുവാരക്ക് വീരേങ്ങലേം (വീരശൃംഖല) കൊടുക്കാൻ അവിടുന്ന് അരുളപ്പാടായിട്ടുണ്ടു്.

ശങ്ക : എല്ലാം കായംകുളത്തപ്പന്റെ കടാക്ഷം! അവന്നിപ്പോൾ വലിയ കഷ്ടകാലാന്നും മററും ഒരു ജ്യോത്സ്യൻ പറഞ്ഞതോർത്തു് വളരെ വിഷാദിച്ചു കൊണ്ടിരിക്ക്യായിരുന്നു ഞാൻ.

കുറുപ്പ് : അതെതെ. അല്പം കൊണ്ടു പിഴച്ചു. അനന്തപത്മനാഭൻ നമ്മുടെ തമ്പുരാന്റെയും, അച്ചുതവാരിയരുടേയും നേരെ വാൾ വീശി. തലക്കുതട്ടിയെന്ന മട്ടായി. അപ്പഴല്ലെ കാണണ്ടതു്. ഉടനെ അച്ചു ഒന്ന് താണു. ക്ഷണത്തിലൊരു ചാട്ടം ചാടി വാളൊന്നുമിന്നി. അനന്തപത്മനാഭന്റെ വാള് തവിട്ടുപൊടിയായി. വാരിയരു പടക്കലിയോണ്ടു് മത്തനായി മുമ്പോട്ടു പാഞ്ഞു. വഴിനീളെക്കണ്ടവേണാട്ട് പടയാളിളേ ഒക്കെ താളു പോലെ വാളോണ്ടങ്ങനെ അരിഞ്ഞരിഞ്ഞു തള്ളിത്തള്ളിങ്ങനെ പോയി ഒരു പോക്കു്. ടനെ അനന്തപത്മനാഭൻ വേണാട്ടിലെ സൈന്യത്തോട്ട് ഓടിക്കൊള്ളാനു കല്പിച്ചു.

ശങ്കവും ലക്ഷ്മിയും : ശിവ! ശിവ!

ശങ്ക : ന്നാൽ അച്ചു! നേരം വല്ലാതെ വൈകി. കുറുപ്പിനേംകൂടികൊണ്ടു പോയി വേഗം കുളിച്ചു വാ. കുളീം ഊണുംകഴിച്ചു കൊറച്ച് വിശ്രമിക്കിൻ.

അച്ചു : ഇല്ല, തമ്പുരാൻ ഞങ്ങളോട്ട് ഉണ്ണാൻ ഇന്ന് കോവിലകത്തേക്കു വരനന്ന് പറഞ്ഞിട്ടുണ്ടു്. ഞങ്ങളങ്ങട്ട് പൂവ്വാ.

ശങ്ക : ന്നാൽ വേഗം കുളിച്ചുവരിൻ.

ലക്ഷ്മി : ഞാൻ അമ്പലത്തിലേക്കു് ഒരു നെയ് വിളക്കിന്ന് കൊണ്ടുപോയ് കൊടുക്കട്ടെ! (പോകുന്നു).

### രംഗം 2

(സ്ഥലം : വേണാട്ട്—തിരുവനന്തരംപുരം കൊട്ടാരം.)

[മാർത്താണ്ഡവർമ്മരാജാവു്, രാമയ്യൻദളവ, അനന്തപത്മനാഭൻ എന്നിവർ പ്രവേശിക്കുന്നു.]

മാർത്താ : ഛീ! എന്തൊരവമാനമാണിതു്! കായംകുളത്തോടു് വേണാട്ടു തോല്ക്കുകയൊ. കഷ്ടംരാമയ്യൻ! ഞാനിത്തലയെങ്ങനെ പുറത്തു കാട്ടും. (തലയിൽ കൈവെച്ചു് കൊണ്ടു്) ഇതിനെക്കാൾ ശക്തിമത്തായ രാജ്യങ്ങളെ നാം നിഷ്പ്രയാസം ജയിച്ചു. അതുകൊണ്ടെന്തു്! കായംകുളത്തേ ഈ ചെറിയ സൈന്യത്തോടു നാം തോററുപോയല്ലോ! കഷ്ടം! കഷ്ടം! നമ്മുടെ നായർപ്പട വെറും ചോററുപട്ടാളമായിത്തീർന്നുപോയോ? ഹാ! ഹാ! ഈ അപമാനഭാരം ഞാനെങ്ങനെ വഹിക്കും. ചാണക്യനെപ്പോലെ തന്ത്രപടുവായ രാമയ്യനുണ്ടെന്നു വിചാരിച്ചു ഞാൻ ധൈര്യമവലംബിച്ചിരുന്നു. ഹാ! എന്റെ ആശാലത ഇതാ വാടിക്കരിഞ്ഞുപോയല്ലൊ! വേണാട്ടിന്റെ പൌരുഷം അസ്തമിച്ചു കഴിഞ്ഞുവെന്നു തോന്നുന്നു.

അനന്തപത്മ : പ്രഭോ! നമ്മുടെ കഷ്ടകാലമെന്നല്ലാതെ അടിയൻ ഒന്നും കാണുന്നില്ല.

മാർത്ത : ഛീ! ഛീ! അതെല്ലാം വെറും ബാലിശങ്ങളായ വാദങ്ങൾ. ഒരു പടനായകനു ചേൎന്നവിധം സംസാരിക്കൂ അനന്തപത്മനാഭ!

രാമയ്യൻ : പ്രഭോ! അങ്ങനെ അരുളിച്ചെയ്യരുതു്. അനന്തപത്മനാഭൻ പറഞ്ഞതു് വളരെ വാസ്തവമാണു്. ഒരൊററ വീശലിന്നു അനന്തപത്മനാഭൻ കായംകുളം രാജാവിന്റെയും അച്ചുതവാരിയരുടെയും തലയെടുക്കുമെന്ന ഘട്ടത്തിലായി. പെട്ടെന്ന് സംഹാരരുദ്രനെപ്പോലെ വാരിയർ ഒരു ചാട്ടം ചാടി വാളൊന്നു മിന്നി. ഉടനെ അനന്തപത്മനാഭന്റെ വാൾ ഛിന്നഭിന്നമായി നിലം പതിച്ചു. ആ വാരിയർ കായംകുളം സേനാനിപതിയായിരിക്കുന്നേടത്തോളം കാലം വേണാട്ടിന്നു് വിജയം ഉണ്ടാകുമോ എന്ന കാര്യം വളരെ സംശയം തന്നെ.

മാർത്താ : അവരുടെ സൈന്യശക്തി വളരെ തുച്ഛമല്ലേ. നിപുണനായ ഒരു സേനാധിപതിക്കു എന്തുതന്നെ ചെയ്വാൻ കഴിയും? പാരാവാരംപോലെ പരന്നു കിടക്കുന്ന നമ്മുടെ സേനയേ ഒരു നൊടിയിടകൊണ്ടു് ആ ചെറുസൈന്യം ആട്ടിയോടിച്ചില്ല്യേ ലജ്ജാവഹം! ലജ്ജാവഹം!

രാമ : അച്ചുത വാരിയർ സൈന്യത്തെ നയിക്കുമ്പോൾ കായംകുളം സൈന്യത്തിന്നു് ഒരു നവോന്മേഷം ഉണ്ടാകുന്നു. അവർക്കു തന്നെ താൻ ആവേശം ജനിക്കുന്നു. അച്ചുത വാരിയർ ഒരു അവതാരപുരുഷനാണെന്നാണു് അവരുടെ വിശ്വാസം.

മാർത്താ: എന്നാൽ അദ്ദേഹത്തെ നമ്മുടെ സൈന്യത്തിലേക്കു് മെല്ലെ ആകർഷിച്ചുകൂടെ. വാരിയർക്കു കായംകുളത്തു ലഭിക്കുന്നതിനേക്കാൾ, എത്രയോ വലിയ സ്ഥാനമാനങ്ങൾ പതിച്ചുകൊടുക്കാൻ നാം തയ്യാറാണല്ലോ.

* കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ തമ്പുരാന്റെ "എരുവയിൽ അച്യുത വാരിയർ" എന്ന പദ്യശകലത്തെ ആസ്പദമാക്കി എഴുതിയതു്.

രാമ: അതുതന്നെയാണ് ഞാനും ആലോചിച്ചുകൊണ്ടിരുന്നത്. ഇന്നുതന്നെ അതിനുള്ള ശ്രമങ്ങൾ ചെയ്യാൻ തുടങ്ങുകയായി.

(ഒരു ഭടൻ പ്രവേശിക്കുന്നു.)

ഭടൻ: റാൻ (തൊഴുന്നു) അമരേത്തിന്നു കാലമായി.

മാർത്താ: ഇതാ വരുന്നു.
(പോയി.)

രംഗം 3

സ്ഥലം: കൊട്ടാരത്തിന്റെ മറുവശം.

(രണ്ടു നമ്പൂതിരിമാർ ചേന്നമംഗലവും, കിഴിയേടവും പ്രവേശിക്കുന്നു.)

കിഴിയേടത്തു നമ്പൂ.: അപ്പഴേ! ചേന്നോങ്ങലം! ഇശ്ശി കാലായല്ലോ കണ്ടിട്ട്. നാള് തൃപ്പൂണിത്തറേല് വൈശാഖക്കാലത്ത് കണ്ടതാ. പിന്നൊട്ട് കാണ്ണ്ടായില്ലേനും.

ചേന്ന: കിഴ്യേടം അന്ന് കണ്ടേന്ന് അസാരൊന്ന് പരോശാന്നൊരു ശങ്ക.

കിഴ്യേ.: അസാരം ഇല്ലായില്ല. എടയ്ക്ക് പനി പിടിച്ചു, കലശലായേനും. അഷ്ടവൈദ്യന്മാർടെ ചികിത്സ്യാണ്ടൊക്കെ കഷ്ടിച്ചങ്ങനെണീററ് നടക്കാറായീന്നേള്ളു.

ചേന്ന: നല്ലക്ക്യായി. നാളെ കായംകൊളത്തേയ്ക്കൊന്നു പോണം. മററന്നാ പ്രദോഷാ—കായംകൊളത്തമ്പലത്തിലെ പ്രദോഷവാരം ഗംഭീരാ. പഞ്ചാരപ്പായസോക്കെണ്ടാവും പതിവാണേനീം എങ്ങനയാ! കിഴ്യേടം വരുണ്ണ്ടോ?

കിഴ്യേ: ച്ചാൽ വരണംന്നൊക്കെണ്ട്. പക്ഷെ നടക്കാനൊട്ടും വയ്യ. രണ്ടു കൊല്ലായി കായങ്കൊളത്ത് പോയിട്ട്. കായങ്കൊളത്തപ്പനെത്തൊഴണന്ന്യാരു സന്തോഷാ. പക്ഷെ നടക്കാൻ വയ്യല്ലോ. അതല്ലേ വൈഷമം (വിഷമം).

ചേന്ന: ഹ! ഹ! ഹ! (ഉറക്കെ ചിരിച്ചുകൊണ്ട്) പണ്ടൊരാള് പറഞ്ഞുന്ത്യാ; അമ്മടെ മടീലിരിയ്ക്കും വേണം, അങ്ങാടീക്കൂടെ പൂവും വേണം, അരൊട്ടു കാണും വയ്യ. കിഴ്യേടത്തിന്ന് നടക്കാനും വയ്യ, കായംങ്കൊളത്തേക്കൊട്ട് വരുംവേണം, നല്ലക്ക! ഹ! ഹ! (ചിരിയ്ക്കുന്നു).

കീഴ്യേ: അതാ അമ്പി വരുണു. ഊണു കാലായീന്ന് തോന്നുണു.

(അമ്പിപ്പട്ടർ പ്രവേശിക്കുന്നു.)

കീഴ്യേ: എന്താ അമ്പീ! ഊണ് കാലയോ?

അമ്പി: കാലായി. ദളവ, ഇന്നലെ വന്ന നമ്പൂര്യേം കൂടിക്കൊണ്ട് വേഗം വരാൻ പറഞ്ഞു. ആ നമ്പൂരി കായംകൊളത്തേക്കു പോണ്ണ്ടത്രെ. ദളവയ്ക്ക് അദ്ദേഹത്തോട് എന്തോ ചിലത് സംസാരിയ്ക്കാനുണ്ടെന്നു പറഞ്ഞു.

കിഴ്യേ: ന്നാ ചേന്നോങ്ങലം! പൂവ്വല്ലേ.

ചേന്ന: ഓ ഹോ.

രംഗം 4

സ്ഥലം: കായംകുളം—വാരിയരുടെ ഭവനം.
(ശങ്കു വാരിയരും ലക്ഷ്മിയും പ്രവേശിക്കുന്നു.)

ശങ്കു: ആരാത് വര്ണ്.

ലക്ഷ്മി: ഒരു നമ്പൂര്യാ. വാരത്തിന്ന് വന്ന കൂട്ടത്തുപ്പെട്ടാളാന്നാ തോന്നണ്.
(ചേന്നമംഗലത്തു നമ്പൂതിരി പ്രവേശിക്കുന്നു.)

ശങ്കു: (എഴുന്നേററിട്ട്) എവിടുന്നാവോ തിരുമേനി എഴുന്നള്ളണ്.

നമ്പൂ: ച്ചാൽ പ്പോ അല്ക്കാലം തിരുവനന്തോരത്ത്ന്നാ.

ശങ്കു. വിശേഷിച്ചൊന്നുണ്ടാവില്ല്യേരിയ്ക്കാം.

നമ്പൂ: ച്ചാൽ വിശേഷിച്ചൊന്നുല്ല്യ. ന്നാൽ ണ്ടേനീം. അച്യുതൻ അച്യുതൻ ന്നെച്ചിട്ട് (എന്നുവെച്ചിട്ട്) ഒരു വല്ല്യ ചേകോരുണ്ടെന്ന കേക്ക്യണ്ടായിട്ടുണ്ട്.

ശങ്കു: ഉവ്വ്.

നമ്പൂ: ഒന്ന് കാണണന്ന്ണ്ട്.

ശങ്കു എന്താവോ വിശേഷിച്ച്.

നമ്പൂ.; വിശേഷിച്ച് അങ്ങനൊന്നുല്ല്യ. ആകപ്പാടെ അച്യുതനെ കാണണൊന്നൊരു കമ്പം. ത്രന്നെ, ഇവടന്ന്യല്ല്യേ താമസം.

ശങ്കു.: അതെതെ. അകത്ത്ണ്ട് വിളിയ്ക്കാം. ലക്ഷ്മീ, അച്യുതനെ വിളിയ്ക്ക്.

(അച്യുതൻ വരുന്നു.)

അച്യു.; റാൻ.

നമ്പൂ.: ഹ! നല്ലക്ക്യായി. സന്തോഷായി. സന്തോഷായ്യേനും. ക്ഷ പിടിച്ചു. അസ്സല് പേര്. അച്യുത്ന—ച്യുതിയില്ലാത്തോന്നാ പേരിന്നർത്ഥം. പിന്ന്യെന്താ വേണ്ട്. പടയ്ക്കല്ലാം എവടയ്ക്കന്നേ പോയാലും നാശൊന്നല്ല്യാതെ ജയിച്ച് വരില്ല്യേ.

ശങ്കു.: ഒക്കെ അവിടുത്തെപ്പോലെയുള്ള മഹാബ്രാഹ്മരുടെ അനുഗ്രഹം.

നമ്പൂ.: അപ്പോ അച്യുവെന്തിനാ ദിനൊക്കെപ്പോണ്. കായംകൊളത്തെ ഈ ചെറിയ പടനായകനായിട്ട് എന്ത് ന്ന്യാ കിട്ടാള്ള് (കിട്ടാനുള്ളത്). വേണാട്ട്ല്യേ മറേറാ തലവനായാപ്പിന്ന്യേം പോട്ടെന്നു വെയ്ക്കാം. പേരും പദവീം ഒക്കെ ക്ഷ! ഗംഭീരം തന്ന്യാം.

അച്യു.: തിരുമേനി! അടിയൻ പണത്തിന്നും പദവിയ്ക്കും വേണ്ടിയല്ലാ, കായംകൊളത്തിന്നു വേണ്ടിയാണ് യുദ്ധം ചെയ്യുന്നത്. അടിയന്റെ നാട്ടിന്നുവേണ്ടി പ്രാണനെക്കൂടി ത്യജിപ്പാൻ അടിയൻ തയ്യാറാണ്.

നമ്പൂ.: ഏയ്......അച്യുതൻ ഞാൻ പറയണത് ധരിയ്ക്ക്ണില്ലല്ലോ! കായംകൊളം തന്റെ നാടന്ന്യാ, കാര്യോക്കെ ശര്യന്നാ. പക്ഷെ അച്യു വേണാട്ട്ല്യേ മറേറാ തലവനായാലേ! ദളവായന്നെ ന്നാള് വരുമ്പോ ന്നോട് പറയ്യണ്ടായി. അച്യുതൻ അങ്ങട്ടു ചെന്നാൽ എന്തുവേണെങ്കിൽ കൊടുക്കാൻ തമ്പ്രാൻ തയ്യാറാണ്ന്ന്.

അച്യു.: ഹ! അങ്ങ് ഇപ്പോൾ വേണാട്ടിലെ ചാരനായി വന്നിരിയ്ക്കയാണല്ലെ! കായംകൊളത്തെ ക്ഷേത്രത്തിൽ ഭോജനവും കഴിച്ച് അവിടത്തെ രാജാവിനെത്തന്നെ വഞ്ചിയ്ക്കാനാണ് ഭാവം അല്ലേ? ഉടനെത്തന്നെ അങ്ങയെ തമ്പുരാന്റെ മുമ്പിൽ കൊണ്ടുപോകയായി. എന്ത്! പണംകാട്ടി അച്യുതനെ വശീകരിയ്ക്കാൻ നോക്കുകയോ. വെറും ബ്രാഹ്മു!
(നമ്പൂതിരി എഴുന്നേല്ക്കാൻ തുടങ്ങുന്നു.)

അച്യു.: തിരുമേനീ അവിടെ ഇരിക്കൂ.

ശങ്കു.: അച്യു! വേണ്ട വേണ്ട, അദ്ദേഹം പോയിക്കോട്ടേ.

നമ്പൂ.: ഏയ്! ഞാൻ ചാരനും ഭസ്മോന്നല്ല. ഇങ്ങനെക്ക്യേ ആവിടെപ്പറണ്ക്കേണ്ടായി. ഞാൻ അതിനൊന്നും വന്നല്ലേനീം.

അച്യു.: എന്നാൽ നിമിഷംപോലും താമസിയ്ക്കാതെ കായംകൊളം വിട്ടുകൊള്ളണം.

ശങ്കു.: അച്യു! മിണ്ടാതിരിയ്ക്ക്. അദ്ദേഹം ഒരു ബ്രാഹ്മണനാ. വെറുതെ ശാപം കിട്ടും. അല്ലെങ്കിൽത്തന്നെ നിനക്കു കഷ്ടകാലാ. ബ്രാഹ്മണശാപംകൂടി വലിച്ചുകെട്ടണ്ടാ.

ലക്ഷ്മി: ഉണ്ണീ, മിണ്ടാതിരിയ്ക്കു.

നമ്പൂ.: ന്നാൽ ഞാനെറങ്ങട്ടെ.

നമ്പൂതിരി: (പടികടന്നശേഷം) (ആത്മഗതം) ആവൂ! ജയിച്ചു. അപകടത്തിലാവാതെ പുറത്തു ചാടിയല്ലോ. ഒക്കെ രാമയ്യൻ ദളവ വരുത്തിവെച്ച ആപത്ത്. ആവൂ! വൈക്കത്തപ്പാ!

## അങ്കം II

### രംഗം 1

സ്ഥലം: വേണാട്

(രാമയ്യൻ ദളവയും അനന്തപത്മനാഭനും പ്രവേശിക്കുന്നു.)

രാമ: എന്തൊരു ധിക്കാരമാണിത്. വളരെ വലിയ സ്ഥാനം കൊടുക്കാമെന്നു പറഞ്ഞിട്ടും അച്യുതവാരിയർ വന്നില്ല അല്ലേ?

അന.: വല്ലാത്തൊരു ദേശഭക്തിയാണയാൾക്ക്.

രാമ.: പഠിച്ച പണിയൊക്കെ നോക്കിക്കഴിഞ്ഞു. എന്നിട്ടും ഒന്നും ശരിയായില്ലല്ലോ. (ചിന്താമഗ്നനായി) എന്നാൽ ഒരു സൂത്രം തോന്നുന്നു.

അന.: എന്താത്?

രാമ.: നേർവഴിയിൽക്കൂടെയൊക്കെ നോക്കി ഇനി ആ കടുംകൈ പ്രയോഗിക്കാതെ നിവ്വാഹമില്ല. രാമയ്യൻ ദളവ പിടിച്ച പിടി വിടുകയോ.

അന.: എന്താവോ അത്?

രാമ.: അതെല്ലാം വഴിയെപ്പറയാം. നാളെ വൈകുന്നേരം സന്ധ്യയ്ക്കുമുമ്പുതന്നെ നാം രണ്ടുപേരും ആയുധപാണികളായ കുറച്ചു ഭടന്മാരോടുകൂടി കായംകുളത്തെത്തണം. ആദ്യം ഞാനും കുറച്ചുപേരും പോകാം. സന്ധ്യ മയങ്ങുന്നതിന്നുമുമ്പ് നിങ്ങൾ വഞ്ചിയുമായി കായലിൽ ഉണ്ടായിരുന്നാൽ മതി. ബാക്കികാര്യമെല്ലാം ഞാൻ ഏററു.

അന : എന്നാൽ വേഗം അതിന്നുള്ള ഒരുക്കങ്ങൾ കൂട്ടിക്കളയാം.

ദള : അങ്ങനെത്തന്നെ.

(ആത്മഗതം) നാളെ പ്രദോഷമാണ്. രണ്ടു മാസമായി സന്ധ്യയ്ക്കു ദിനം പ്രതി ശിവക്ഷേത്രത്തിൽ തൊഴാൻ അച്യുത വാരിയർ എത്താറുണ്ടെന്ന് ശ്രദ്ധമായി അറിഞ്ഞുകഴിഞ്ഞു. വല്ല സൂത്രവും പ്രയോഗിച്ചു അയാളെ ക്ഷേത്രത്തിന്റെ പുറത്തേയ്ക്കു കൊണ്ടുവരണം. എന്നാൽ ജയിച്ചു. എല്ലാററിന്നും കൃഷ്ണാ! ഹേ! പത്മനാഭാ! തുണയ്ക്കണെ!

രംഗം 2

[സ്ഥലം : കായംകുളം. വാരിയരുടെ ഭവനം—സമയം സന്ധ്യയോടടുക്കുന്നു.]

ശങ്ക : ഉണ്ണീ! കാലിൽ വേദന ഇപ്പോൾ എങ്ങനെയുണ്ട്.

അച്ചു : അധികമില്ല, ഉളുക്ക് തീരെ വിട്ടിട്ടില്ല.

ലക്ഷ്മി : രാവിലെ ഇത്രനേരത്തേ കുളിയ്ക്കാൻ പോകേണ്ടിയിരുന്നില്ല.

ശങ്ക : കാലിന്റെ താഴത്തുനോക്കി നടക്കില്ല. പിന്നെയെങ്ങനെയാ.

അച്ചു : കുളക്കടവിൽ ഒരു ചിരട്ടയുടെ മുകളിൽ കാൽ അറിയാതെ വെച്ചു. അതു വഴുക്കി വീണു.

ലക്ഷ്മി : രാവിലെ കണി പററീല.

ശങ്ക : അതോടുകൂടി കഷ്ടപ്പാടു തീരട്ടെ. ഇന്നു രാത്രിയോടുകൂടി രാഹുവിന്റെ സ്വാപഹാരവും തീരും.

അച്ചു : അമ്മേ! സന്ധ്യയാകറായി. ഇന്നു പ്രദോഷമാണ്. അമ്പലത്തേയ്ക്കു പോകേണ്ടേ?

ലക്ഷ്മി : നിനക്ക് നടക്കാൻ വയ്യെങ്കിൽ പോണ്ടേ.

അച്ചു : മെല്ലെ നടന്നുപോകാം ഏതായാലും ഇന്നത്തോടുകൂടി ഗ്രഹപ്പിഴയെല്ലാം നീങ്ങുമല്ലോ. ദീപാരാധനയ്ക്കു തൊഴുതു വേഗം മടങ്ങിവരാം.

ലക്ഷ്മി : നാൽ നീ മെല്ലെ നടന്നോ. ഞാൻ വേഗം വിളക്കുവെയ്ക്കാനുള്ള നെയ്യുംകൊണ്ടു വരാം.

രംഗം 3

[സ്ഥലം : കായംകുളം ശിവക്ഷേത്രത്തിന്നു സമീപ പ്രദേശത്തുള്ള കായൽക്കടവു. സമയം : സന്ധ്യ.]

(രാമയ്യൻദളവയും കൂട്ടുകാരും പ്രവേശിക്കുന്നു).

രാമയ്യൻ : നിങ്ങൾ ഈ തേക്കിൻകാട്ടിൽ ഒളിച്ചിരിയ്ക്കുവിൻ! അതാ വാരിയർ കാൽ നൊണ്ടിക്കൊണ്ടു അമ്പലത്തേയ്ക്കു പോകുന്നു. ഞാൻ സൂത്രത്തിൽ ഇവിടേയ്ക്കു കൂട്ടിക്കൊണ്ടു വരാം. ഇവിടെ എത്തിയാൽ ഞാൻ "ശംഭോ ശങ്കരാ" എന്നു ഉറക്കെപ്പറയാം. അതുകേട്ടു ഉടനെ വാരിയരുടെ കൈകൾ ചങ്ങലകൊണ്ടു ബന്ധിച്ചു വഞ്ചിയിൽ കയററണം. കാൽനൊണ്ടിക്കൊണ്ടു പോകുന്നതു കൊണ്ടു ഓടി രക്ഷപ്പെടാൻ വഴിയില്ല. എല്ലാം ദൈവസഹായം. ശബ്ദമുണ്ടാക്കാൻ തുടങ്ങിയാൽ വായിൽ തുണി കുത്തിത്തിരുകിക്കൊള്ളുവിൻ. തോണിക്കാർ ഇപ്പോൾ തന്നെ തയ്യാറായിക്കൊൾവിൻ. പിടിച്ചുകഴിഞ്ഞാൽ പിന്നെ ഒട്ടും താമസം പാടില്ല.

ഭടന്മാർ : അങ്ങനെത്തന്നെ.

രംഗം 4

ശിവക്ഷേത്രം—ഭജനയും മണിനാദവും മുഴങ്ങുന്നു. ഗായകസംഘം ക്ഷേത്രത്തിന്നു ചുററും പ്രദക്ഷിണം ചെയ്യുന്നു.

[ക്ഷേത്രത്തിലെ മറുവശം.]

(വാരിയർ തനിയെ നമശ്ശിവായ എന്നു ജപിച്ചുകൊണ്ട്, പ്രദക്ഷിണം ചെയ്യുന്നു. രാമയ്യൻ "ശംഭോമഹാ ദേവ" എന്നു ജപിച്ചുകൊണ്ട് വാരിയരെ സമീപിയ്ക്കുന്നു.)

രാമയ്യൻ : ഹേ! നിങ്ങൾ ഇവിടത്തുകാരൻ തന്നെയാണോ.

വാരി : അതെ.

രാമ : ഏ! ഏ! കുറച്ചുറക്കെപ്പറയു. ചെകിട് കുറച്ചു പതുക്കെയാണ്.

വാരി : അതെ (ഉറക്കെ). എന്താ വേണ്ടതു.

രാമ : വഞ്ചിനില്ക്കുന്ന കായൽക്കടവിലേയ്ക്കു ഒന്നു വഴികാണിച്ചു തരുമോ. നാളെ രാവിലെ അടിയന്തരായിട്ടു തിരുവനന്തപുരത്തെത്തണം.

വാരി : വടക്കെ നടയിൽക്കൂടെ പുറത്തുകടന്നു ആ ചെറിയ വഴിയിൽ കൂടി നേരെ പോയാൽ അടുത്തായി.

രാമ : ഏ! ഏ! മനസ്സിലായില്ല. എനിക്കു ചെകിടും നല്ലവണ്ണം കേൾക്കില്ല. നിങ്ങൾ ഒന്നു വന്നു കാണിച്ചു തന്നാൽ വലിയ ഉപകാരമായിരുന്നു.

വാരി : എനിക്കു നടക്കാൻ വയ്യ. എങ്കിലും പ്രദോഷോക്കയല്ല്യേ. പാവം ഒരു ബ്രാഹ്മണനും. വേഗം വഴികാണിച്ചു കൊടുത്തു ദീപാരാധനയ്ക്കു മുമ്പെ മടങ്ങാം. ശംഭോ ശങ്കരാ! കാലകാലാ! രക്ഷിക്കണെ! എന്റെ കഷ്ടകാലമൊക്കെത്തീരണെ! (ഉറക്കെ) എന്നാൽ സാമീ! വരു, ഞാൻ വഴികാണിച്ചു തരാം.

രംഗം 5

[കായൽക്കടവു—വാരിയരും ദളവയും പ്രവേശിയ്ക്കുന്നു.]

ദള : "ശംഭോ ശങ്കര" (ഉറക്കെ). ആളുകൾ വളയുന്നു. വാരിയരും പടയാളികളും ഏററു മുട്ടുന്നു—വാരിയർ ഉറക്കെ നിലവിളിയ്ക്കുന്നു—മണിനാദം (ക്ഷേത്രത്തിൽ) മുഴങ്ങുന്നു. ഭജനയുടെയും മററും ഇടയിൽ വാരിയരുടെ ശബ്ദം ആരും കേൾക്കുന്നില്ല).

വാരിയർ : കൈലാസനാഥ! കാലകാല! എന്നെ രക്ഷിയ്ക്കണെ!

രാമയ്യർ : വായിൽത്തുണി കുത്തിത്തിരുകിൻ. വേഗം വ ിയിൽ കയററുവിൻ.

ഭടന്മാർ : അങ്ങനെത്തന്നെ.

(വഞ്ചി നീങ്ങുന്നു)

രംഗം 6

[കായലിന്റെ മദ്ധ്യം]

(വഞ്ചിക്കാർ പാടിക്കൊണ്ടു വഞ്ചി തുഴയുന്നു)
(വഞ്ചിപ്പാട്ട്)

വഞ്ചിരാജ്യം വിജയിപ്പൂ! വഞ്ചിരാജ്യം വിജയിപ്പൂ!
വഞ്ചി യൂന്നിത്തുഴയുവിൻ ചങ്ങാതിമാരെ
കാര്യമെല്ലാം കയ്യിലായി വാരിയരും കീഴിലായി—
കായംകുളമടക്കി നാമടക്കിപ്പോയി.
മാർത്തണ്ഡനു സമാനനാം പ്രതാപിയാമെങ്ങളുടെ
കീർത്തിക്കേണ്ട മാർത്തണ്ഡശൻ ജയിച്ചിടട്ടെ!
[വഞ്ചിരാജ്യം . . . . . . ].

രാമയ്യർ : എന്താ! വാരിയരെ! ഇപ്പോൾ നാമെങ്ങോട്ടാണു പോകുന്നതെന്നറിയാമോ.

വാരിയർ : യമപുരിയിലേയ്ക്കു (കോപത്തോടെ).

രാമയ്യൻ : ഹാ! അനന്ത പത്മനാഭന്റെ വഞ്ചിയല്ലേ അതാവരുന്നതു്. നല്ല സമയത്തു തന്നെ വന്നുചേർന്നു. (വാരിയരോടു) എന്താ വാരിയരെ! വേണാട്ടിനെ ജയിച്ചതിന്നുള്ള വീരശൃംഖലയാണ് ഇപ്പോൾ നിങ്ങളുടെ കയ്യിൽ അല്ലേ?

വാരി : ഛീ ദുഷ്ടാ! പരമവഞ്ചക, മിണ്ടാതിരിയ്ക്കു. ചങ്ങലകൊണ്ടു ബന്ധിക്കപ്പെട്ട ഈ കൈകൾ കൊണ്ടു തന്നെ നിന്റെ കഥകഴിയ്ക്കും (ചാടിയെഴുന്നേല്ക്കുന്നു.) കഷ്ടം! (കാലിൽ നോക്കീട്ട്) എന്റെ കാലിലും ചങ്ങലയുണ്ടല്ലൊ. അല്ലെങ്കിൽ കാൽ കൊണ്ടു തൊടിച്ചെങ്കിലും നിന്താമായിരുന്നു. (കോപത്തോടെ) അങ്ങാണാണോ. കഷ്ടം ബ്രാഹ്മണനാണത്രെ! ഈ വക വഞ്ചനയാണോ ബ്രാഹ്മണന്റെ കർത്തവ്യം! ഈ അഴിമതികൾക്കു സമ്മതം നല്കുന്ന രാക്ഷസൻ ധർമ്മഭൂമിയുടെ രാജാവണത്രെ! ക്ഷത്രിയധർമ്മം ഇതാണോ!

ദളവ : അങ്ങെന്തു വേണമെങ്കിൽ പുലമ്പിക്കൊള്ളൂ. കായംകുളത്തിലെ വീരസിംഹത്തെ പട്ടിക്കുട്ടിയെപ്പോലെ ചങ്ങലയിട്ടു കൊണ്ടുവരുവാൻ വേണാട്ടിലെ മന്ത്രിക്കു സാധിച്ചില്ലേ. മര്യാദക്കു—അതെ അങ്ങക്കു ജീവനിൽ കൊതിയുണ്ടെങ്കിൽ—മാർത്താണ്ഡവർമ്മയുടെ പാദങ്ങളിൽ വീണ് മാപ്പു ചോദിച്ചു വേണാട്ടിലെ സേനാധിപത്യം സ്വീകരിയ്ക്കുക അല്ലെങ്കിൽ.

വാരി : അല്ലെങ്കിൽ ?—എന്താണ് നിങ്ങളെന്നെ വധിയ്ക്കുമായിരിയ്ക്കും അല്ല! ഇല്ല! ഞാനാമാനം കെട്ട തൊഴിലിന്നൊരുക്കമില്ല. മാനം വിററു തിന്നുപ്രാണൻ പുലർത്താൻ കായംകുളത്തു ജനിച്ച ആണുങ്ങൾ പഠിച്ചിട്ടില്ല. മരണത്തെ ഞാൻ ആനന്ദത്തോടെ വരിയ്ക്കും. തരു! വാൾ ഞാൻ തന്നെ ആത്മഹത്യ ചെയ്യേയ്ക്കാം.

രാമ : അതിന്നു വരട്ടെ. നിങ്ങളുടെ ഇഷ്ടം പോലെ നടക്കാൻ ഞങ്ങൾ തയ്യാറില്ല രാമയ്യന്റെ കയ്യിൽപ്പെട്ട തടവുകാരൻ അനുഭവിക്കുന്ന ശിക്ഷയെന്താണെന്ന് നിങ്ങൾ മനസ്സിലാക്കണം.



ആർ. എ. എഫ്. വിമാനസേനയുടെ നേതൃത്വ സമിതിയിൽ ഒരാക്രമണത്തിന്റെ കാൎയ്യപരിപാടി തെയ്യാറാക്കുന്നു.

വാരി: ആണാണെങ്കിൽ എന്റെ കൈ അഴിച്ചുവിട്ട ശേഷം സംസാരിക്കുക.

രാമ: ഛീ പുലമ്പാതിരിക്കെടോ മൂഢ! നിങ്ങൾ മരിക്കാനുറച്ചുവോ?

വാരി: നരാധമാ! പരമ വഞ്ചക! ഞാനുറച്ചുകഴിഞ്ഞു.

രാമ: ഭടന്മാരെ! ഈ വാരിയരുടെ കൈയ്യും കാലും കൂട്ടിക്കെട്ടി വഞ്ചിയുടെ ചങ്ങലയോടു നല്ലവണ്ണം ബന്ധിക്കുവിൻ.

ഭടന്മാരിലൊരുവൻ: പ്രഭോ! നിങ്ങൾ ചെയ്യുന്ന ഈ പ്രവൃത്തി വളരെ ദുസ്സഹമാണ്.

അനന്തപത്മനാഭൻ: നീയാരാണിതെല്ലാം പറവാൻ. നിന്റെ തല എന്റെ വാളിനു കൊടുക്കു (വാൾ വീശുന്നു.) (അവൻ നിലംപതിക്കുന്നു.) ഇനി ഇമ്മാതിരി അസംബന്ധം പറവാൻ തുനിയുന്നവന്റെയും ഗതിയിതാണെന്നു നല്ലപോലെ ഓർത്തു കൊള്ളുവിൻ.

രാമയ്യൻ: വേഗം കെട്ടുവിൻ. ഈ വഞ്ചിവിട്ടു എല്ലാവരും അനന്തപത്മനാഭന്റെ വഞ്ചിയിൽക്കയറുവിൻ. (എല്ലാവരും അപ്രകാരം ചെയ്യുന്നു.)

വാരിയർ: ആണുങ്ങളാണെങ്കിൽ കൈയഴിക്കുവിൻ.

മല്ല: അയാൾ എന്തെങ്കിലും പുലമ്പട്ടെ! എല്ലാവരും വഞ്ചി മാറിക്കയറിയില്ലെ. വേഗം വാരിയരുടെ വഞ്ചി മുക്കുവിൻ. കായംകുളത്തെ വീരൻ കായംകുളം കായലിലെ വെള്ളം തന്നെ കുടിച്ചു ചാവട്ടെ!

ഹേ! വാരിയരെ! നിങ്ങളുടെ ഗ്രഹപ്പിഴ തീരേണമെന്നല്ലെ നിങ്ങൾ ക്ഷേത്രത്തിൽവെച്ചു പ്രാൎത്ഥിച്ചതു. നിങ്ങളുടെ ഗ്രഹപ്പിഴ ഇന്നത്തോടെ തീർന്നു. നിങ്ങൾ "യമപുരിയിലെ"ക്കു തന്നെയാണു പോകുന്നതും.

വാരി: ഛീ വഞ്ചകാ! വഞ്ചകാ! (വഞ്ചി മുങ്ങുന്നു) ഹാ! അമ്മേ! അച്ഛാ! ഹേ! കൈലാസനാഥാ! ഹാ! ദൈവജ്ഞൻ പറഞ്ഞതു വാസ്തവമായല്ലോ. അമ്മേ! എന്റെ ജന്മഭൂവേ!—കായംകുളം!—കായംകുളം! ഹാ! എന്റെ കായംകുളം!

(വഞ്ചി മുങ്ങുന്നു)

(വേണാട്ടു ഭടന്മാരുടെ വഞ്ചി നീങ്ങുന്നു)

വഞ്ചിരാജ്യം വിജയിപ്പൂ! വഞ്ചിരാജ്യം വിജയിപ്പൂ!
വഞ്ചിയൂന്നിത്തുഴയുവിൻ ചങ്ങാതിമാരെ!
കാൎയ്യമെല്ലാം കയ്യിലായി വാരിയരും നശിച്ചുപോയ്
കായംകുളമടക്കി നാമടക്കിപ്പോയി.

# ബ്രിട്ടീഷ്-ജൎമ്മൻ യുദ്ധം

## 251-ാമത്തെ ആഴ്ച

## 1939 സെപ്തമ്പർ 3-ാം തിയ്യതി ആരംഭിച്ചു

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.